# വിമോചന ദൈവശാസ്ത്രം

"വിചാരവേദി" പ്രസിദ്ധീകരണം

എറണാകുളം

No. 1

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിമോചന ദൈവശാസ്ത്രത്തിന് ഒരു മുഖവുര

ദൈവവിജ്ഞാനീയത്തിലെ പുതിയൊരു ശാഖയാണ് വിമോചന ദൈവശാസ്ത്രം. 1960 കളുടെ അവസാനത്തോടെ തെക്കെ അമേരിക്കയിലാണ് ഇതു് ഉറവെടുത്തതെങ്കിലും കുറഞ്ഞ കാലഘട്ടം കൊണ്ടു് ഇതിൻെറ സ്വാധീനം എല്ലാ ക്രൈസ്തവരാജ്യങ്ങളിലും, പ്രത്യേകിച്ചു് ദരിദ്രരാജ്യങ്ങളിൽ വ്യാപിച്ചു കഴിഞ്ഞു. ദരിദ്രരുടേയും മർദ്ദിതരുടേയും ക്ഷേമത്തിനും വിമോചനത്തിനുംവേണ്ടി കർമ്മപദ്ധതികളുമായി രംഗത്തിറങ്ങുന്നതിന് സഭയുടെ എല്ലാ തലങ്ങളേയും ആവേശം കൊള്ളിക്കാൻ ഈ ദൈവശാസ്ത്രചിന്തയ്ക്കു് ഇതിനകം കഴിഞ്ഞുവെന്നതു് നിഷേധിക്കാനാവില്ല. കാലഘട്ടത്തിൻെറ വിളികേട്ടു് അതിനനുസരിച്ചു വളരുന്ന ദൈവശാസ്ത്രത്തേയും സഭയേയുമാണ് ഇതിൻെറ പശ്ചാത്തലത്തിൽ കണ്ടെത്തുക.

എങ്കിലും ഈ അടുത്തകാലത്തു് ഈ ദൈവശാസ്ത്രചിന്ത വഴി തെററാൻ തുടങ്ങിയെന്ന പരാതി പരക്കെയുണ്ടു്. ക്രൈസ്തവവിശ്വാസത്തിന് നിരക്കാത്ത ആശയങ്ങളും പ്രവർത്തനശൈലികളും ഇതിൽ കടന്നുകൂടുന്നുവെന്നാണ് ആക്ഷേപം. വിശ്വാസസംരക്ഷണത്തിനായുള്ള തിരുസംഘത്തിൻെറ Instruction on Certain Aspects of the "Theology of Liberation" എന്ന രേഖയിൽ (Sept 1984) ഇവ അക്കമിട്ടു് കൊടുത്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ, വിമോചന ദൈവശാസ്ത്രശാഖയുടെ ചരിത്രപശ്ചാത്തലം വിലയിരുത്താനാണ് ഇവിടെ ശ്രമം നടത്തുക.

## I. വിമോചനത്തിൻെറ നാമ്പുകൾ

വ്യക്തിയുടെ അന്തസ്സിനു് നിരക്കാത്ത തരത്തിൽ മനുഷ്യനെ നിയന്ത്രിക്കുന്നതും അനീതിപരവുമായ സാമൂഹിക—സാമ്പത്തിക—രാഷ്ട്രീയഘടനകളിൽനിന്നും മോചനം നേടാനുള്ള അഭിവാഞ്ഛ ഈ അടുത്തകാലത്തു് എല്ലാ മനുഷ്യവിഭാഗങ്ങളിലും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓരോ സമൂഹത്തിലും ഓരോ തരത്തിലാണ്



www.malankaralibrary.com

ഇതു് പ്രത്യക്ഷപ്പെടുന്നതെന്നു് മാത്രം. ഈ അഭിവാഞ്ഛയെ സംബന്ധിച്ച ഹ്രസ്വമായ ഒരു പഠനം ഉപകാരപ്രദമായിരിക്കും.

## കോളനിരാജ്യങ്ങളിൽ വിമോചനദാഹം

രണ്ടാംലോക മഹായുദ്ധത്തിനു് അന്ത്യം കുറിച്ചതോടെയാണു് കോളനികളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള താല്പര്യം നാമ്പെടുത്തതു്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതമാണു് ഇതിനു് വഴി വെട്ടിത്തുറന്നതെന്ന കാര്യം പ്രസ്താവ്യമാണു്. വിദേശാധിപത്യത്തിൽനിന്നു സ്വതന്ത്രമാകാനുള്ള ആഗ്രഹം വളരെവേഗം എല്ലായിടത്തും ശക്തിപ്പെടുകയും മിക്കവാറും എല്ലാ കോളനികളും അതിവേഗംസ്വാതന്ത്ര്യം നേടിയെടുക്കുകയും ചെയ്തു.

വിദേശ അടിമത്തച്ചങ്ങല വലിച്ചെറിഞ്ഞ ഈ രാജ്യങ്ങളിൽ സ്ഥിതിസമത്വത്തിനും മനുഷ്യാന്തസ്സിന്റെ അംഗീകാരത്തിനും സർവ്വോപരി, വ്യക്തിത്വവളർച്ചയ്ക്കു് ആവശ്യമായ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ദാഹം ശക്തിപ്പെട്ടു. വിമോചനത്തിനുവേണ്ടിയുള്ള വ്യഗ്രത "നിശ്ശബ്ദസംസ്കാര" (1) ത്തിന്റെ ഉടമകളായ എല്ലാ ദരിദ്രവിഭാഗങ്ങളിലും വ്യക്തമായിക്കഴിഞ്ഞു. ഇതു് ഈ കാലഘട്ടത്തിന്റെ ഏററവും വലിയ ചുവരെഴുത്താണെന്നതിൽ പക്ഷാന്തരമില്ല. (2)

## "കച്ചവടസംസ്കാര" ത്തിൽ നിന്നു വിമോചനം

വ്യാവസായിക ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതി സൃഷ്ടിച്ച 'കച്ചവടസംസ്കാര" ത്തിന്റെമനുഷ്യത്വമില്ലായ്മയിൽനിന്നു് മനുഷ്യനെ വിമോചിപ്പിക്കേണ്ടതാണെന്ന ചിന്ത 1960 കളുടെ സംഭാവനയാണു്. ഈ ലക്ഷ്യം വച്ചുകൊണ്ടു് സമ്പന്നരാജ്യങ്ങളിൽ യുവാക്കൾ എതിർപ്പിന്റെ പ്രവർത്തനശൈലിയുമായി പ്രത്യക്ഷപ്പെട്ടു. ഒരു എതിർ സംസ്കാരം (Counter Culture) (3) കെട്ടിപ്പടുക്കലായിരുന്നു അവരുടെ ലക്ഷ്യം. ലാഭവും നഷ്ടവും അളന്നുനോക്കി മനുഷ്യർ

---

1. Paulo Freire, Cultural Action for Freedom, Penguin Books, 1974, pp. 57-70.
2. "Instruction on Certain Aspects of the "Theology of Liberation", (S. Congregation for the Doctrine of the Faith, 1984) No. 1. 1
3. Theodore Roszak, The Making of a Counter Culture, Anchor-books, 1969.



www.malankaralibrary.com

തമ്മിൽ പരസ്പരം ബന്ധപ്പെടുന്ന കച്ചവടസമൂഹത്തിൻെറ പാരമ്പര്യങ്ങളേയും സാംസ്കാരിക പ്രതീകങ്ങളേയും ചോദ്യം ചെയ്യലായിരുന്നു അവർ സ്വീകരിച്ച പ്രധാന പ്രവർത്തനശൈലി.

## കമ്മ്യൂണിസ്റ്റ് "സ്വർഗ്ഗ" ത്തിൽ വിമോചനശ്രമം

റഷ്യ, ചെക്കോസ്ലോവാക്യ, ഹംഗറി, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിൽ നിന്നുള്ള വിമോചനത്തിനായുള്ള ദാഹം 1950 കൾ തൊട്ട് വളരെ പ്രകടമാണ്. റഷ്യക്കാരായ ഷോൾസെനിസ്റ്റൻ, സക്കാറോവ് തുടങ്ങിയ ലോകപ്രസിദ്ധചിന്തകർ കമ്മ്യൂണിസ്റ്റ് ഭീകരഭരണത്തിൽനിന്ന് ജനകോടികളെ വിമോചിപ്പിക്കേണ്ടതിൻെറ ചരിത്രപരമായ ആവശ്യത്തെ ഊന്നിപ്പറയുന്നുണ്ട്. അവിടങ്ങളിൽ വളർന്നുവരുന്ന വിമോചനത്തിനായുള്ള അഭിവാഞ്ഛയുടെ ഫലമാണ് ഇവരിലൂടെ പ്രത്യക്ഷപ്പെടുന്നത്. 1956 ലെ ഹംഗേറിയൻ വിപ്ലവവും പിന്നീട് ചെക്കോസ്ലോവാക്യയിലും പോളണ്ടിലും മററും സംഭവിച്ച പ്രക്ഷോഭണങ്ങളും യഥാർത്ഥസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ദാഹത്തിൻെറ സൂചനയാണ്.

സ്വതന്ത്രവായു ശ്വസിക്കാനായി കമ്മ്യൂണിസ്റ്റ് രാജ്യമായ കിഴക്കെ ജർമ്മനിയിലെ അതിർത്തികാവൽഭടന്മാരുടെ കണ്ണു വെട്ടിച്ച് പടിഞ്ഞാറെ ജർമ്മനിയിലേക്ക് കടക്കുന്നവരുടെ സാഹസികകഥകൾ വിമോചനത്തിനുവേണ്ടിയുള്ള വളർന്നുവരുന്ന ഈ താല്പര്യത്തിൻെറ സൂചനയാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഈ പരിശ്രമങ്ങൾ ആരംഭത്തിലേ തന്നെ അടിച്ചമർത്തപ്പെടുന്നുവെന്നതു് ദുഃഖകരമായ സത്യമാണ്. ലേക്വലേസയുടെ നേതൃത്വത്തിൽ ഈ അടുത്തകാലത്തു് പോളണ്ടിൽ ആഞ്ഞടിച്ച തൊഴിലാളിവർഗ്ഗത്തിൻെറ പ്രതിഷേധപ്രകടനങ്ങൾ സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങളുടെ ഏററവും അവസാനത്തേതാണ്.

## വർഗ്ഗവിവേചനത്തിൽനിന്ന് വിമോചനം

വിമോചനചിന്തയ്ക്കു് ആക്കം കൂട്ടാൻ സഹായിച്ച വേറൊരു സംഭവം, അമേരിക്കൻ ഐക്യനാടുകളിലെ നീഗ്രോകൾ 1960 കളിൽ നടത്തിയ പ്രക്ഷോഭമാണ്. അവിടെ അരങ്ങേറിയ ഈ വിമോചനസമരം ആനുകാലികചരിത്രത്തിലെ വലിയൊരു നാഴികക്ക



www.malankaralibrary.com

ല്ലാണ്. മാർട്ടിൻ ലൂതർ കിങ്ങ് നയിച്ച ഈ സമരം 35 ദശലക്ഷം കറുത്തവർഗ്ഗക്കാർക്കാണ് തങ്ങൾ ദീർഘകാലമായി അനുഭവിച്ചിരുന്ന വർഗ്ഗവിവേചനത്തിൽനിന്നും വിമോചനം നേടിക്കൊടുത്തത്. അടിമത്തവ്യവസ്ഥിതി സൃഷ്ടിച്ചതും മനുഷ്യാന്തസ്സിനെ അവഹേളിക്കുന്നതുമായ സാമൂഹികസംവിധാനങ്ങളേയും ജീവിതരീതികളേയും അതിലംഘിച്ച വളരാനുള്ള ഒത്തുപിടിച്ചശ്രമം നടത്തിക്കൊണ്ടിരിക്കുകയാണിന്ന് അമേരിക്കൻ നീഗ്രോകൾ.

## തെക്കേ അമേരിക്കയിൽ വിമോചനാഭിവാഞ്ഛ

ഈ അടുത്ത കാലഘട്ടങ്ങളിൽ വിമോചനത്തിനുള്ള വ്യഗ്രത വളരെ ശക്തമായി കണ്ടെത്തുന്നത് തെക്കേ അമേരിക്കൻ രാജ്യങ്ങളിലാണ്. 19–ാം നൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഈ രാജ്യങ്ങൾ സ്വാതന്ത്ര്യം നേടിയെങ്കിലും ഇന്നും അവിടെ ബാഹ്യവും ആന്തരികവുമായ പുതിയതരത്തിലുള്ള കൊളോണിയലിസം (Neo Colonialism) സൃഷ്ടിക്കുന്ന അടിമത്തം നിലനിൽക്കുന്നുണ്ട്.

ലാററിനമേരിക്കൻ രാഷ്ട്രീയസാമ്പത്തികരംഗങ്ങളിൽ നീതീകരിക്കാനാവാത്ത സ്ഥിതിവിശേഷം നിലനിറുത്താൻ വൻശക്തികൾ, പ്രത്യേകിച്ച് അമേരിക്കൻ ഐക്യനാടുകൾ സഹായിക്കുന്നുവെന്നത് തർക്കമററ കാര്യമാണ്. നീതിയിലധിഷ്ഠിതമല്ലാത്ത അന്തർദ്ദേശീയവ്യാപാരം, കടുത്ത സ്വാർത്ഥതാല്പര്യത്തോടെ നടത്തുന്ന മൂലധനനിക്ഷേപം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഇന്നും ആ രാജ്യങ്ങളിൽനിന്നും സമ്പന്നരാജ്യങ്ങൾ സമ്പത്ത് ചോർത്തിയെടുക്കുന്നുണ്ടെന്ന വസ്തുത സാമ്പത്തികവിദഗ്ദ്ധന്മാരൊക്കെ സമ്മതിക്കും.(4) ഇതിന്റെ വെളിച്ചത്തിലാണ് വിമോചനദൈവശാസ്ത്രത്തെ സംബന്ധിച്ച തിരുസംഘത്തിന്റെ മുകളിൽ സൂചിപ്പിച്ച രേഖ അവിടെ വിദേശമൂലധനതാല്പര്യങ്ങളുടെ ക്രൂരതനിറഞ്ഞ പ്രവർത്തനമുണ്ടെന്നും ഇതു് കലാപത്തിന് ആവേശം പകരുമെന്നും സൂചിപ്പിക്കാൻ കാരണം.(5)

---

4. Gunar Myrdal, The Challenge of world Poverty, Pelican Books, 1971, p. 314.
5. Instruction on Certain Aspects of the "Theology of Liberation, op. cit. no. VII. 12.



www.malankaralibrary.com

പ്രസക്തമായ മറ്റൊരു കാര്യം ഈ രാജ്യങ്ങളിലെ സമ്പത്തിന്റെ വിഭജനത്തിലെ അനീതിയാണ്. ചെറിയൊരു ന്യൂനപക്ഷമാണ് സമ്പത്ത് കയ്യടക്കിയിരിക്കുന്നത്. ഇത് വിശദമാക്കുന്നതിന് പെറു എന്ന കൊച്ചുരാജ്യത്തിന്റെ സാമ്പത്തികരംഗം പരിശോധിച്ചുനോക്കാം. 12 ദശലക്ഷം ജനങ്ങളാണ് അവിടെയുള്ളത്. അതിൽ വെറും 24,000 പൗരന്മാരാണ് ദേശീയസമ്പത്തിന്റെ ഏകദേശം 50 ശതമാനത്തോളം കൈയടക്കിവച്ചിരിക്കുന്നതെന്നാണ് കണക്ക്. ബാക്കിയുള്ള സമ്പത്തുകൊണ്ടാണ് 12 ദശലക്ഷത്തോളം ജനങ്ങൾ കഷ്ടിച്ച് ജീവിച്ചുപോരുന്നത്. (6)

കടുത്ത ആശ്രയത്വമനോഭാവവും, വിധേയത്വമനസ്ഥിതിയും അടിച്ചേൽപ്പിക്കപ്പെട്ട ദരിദ്രലക്ഷങ്ങളെ "വസ്തുസമാനജീവികളെ" ന്നാണ് ആർച്ച്ബിഷപ് ഹെൽഡർ കാമറ വിശേഷിപ്പിക്കുന്നത്. (7) അടുത്തകാലത്ത് ലോകശ്രദ്ധ പിടിച്ചുപറ്റിയ വിദ്യാഭ്യാസചിന്തകനായ പാവുളോ ഫ്രെയറുടെ ഭാഷയിൽ, ഇവർ "നിശ്ശബ്ദസംസ്കാര"ത്തിന്റെ ഉടമകളാണ്. (8) മറ്റു വാക്കിൽ പറഞ്ഞാൽ, മനുഷ്യത്വം അപഹരിക്കപ്പെട്ടവർ.

തെക്കേ അമേരിക്കയിലെ മിക്കവാറും രാജ്യങ്ങളിൽ നിലവിലുള്ള സൈനികഭരണകൂടങ്ങൾ മനുഷ്യാന്തസ്സിനെയും മനുഷ്യാവകാശങ്ങളേയും അപഹസിക്കുന്ന രീതിയിലുള്ള ദുർഭരണമാണ് നടത്തുക. അങ്ങനെ ദാരിദ്ര്യവും മൗലികാവകാശങ്ങളുടെ ലംഘനവുമൊക്കെക്കൊണ്ട് പൊറുതിമുട്ടിയ മനുഷ്യരാണ് വിമോചനത്തിനായുള്ള ശ്രമവുമായി മുമ്പോട്ടുവന്നിരിക്കുന്നത്.

## കമ്മ്യൂണിസത്തിനും വിപ്ലവത്തിനും വളക്കൂറുള്ള മണ്ണ്

മുകളിൽ സൂചിപ്പിച്ച കടുത്ത അനീതിയും മനുഷ്യോചിതമല്ലാത്ത സാമൂഹിക–സാമ്പത്തിക സംവിധാനങ്ങളും സ്വാഭാവിക

---

6. The Socio Economic Structures of Peru : Declaration by a group of Priests in Peru, in Between Honesty and Hope, Maryknoll Documentation Series, Maryknoll, 1969, pp 75–76.
7. Dom Helder Camara, The peaceful Overthrow of the Structures of Slavery, Ideas and Action Bulletin, 1972, Vol· 1. p. 4.
8. Paulo Freire, op. cit.



www.malankaralibrary.com

മായും വിപ്ലവമാർഗ്ഗത്തിലൂടെ പരിവർത്തനം നേടിയെടുക്കാൻ ആവേശം പകരുന്നവയാണ്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൻെറ പല ഘടകങ്ങളും ക്രൈസ്തവകാഴ്ചപ്പാടുകൾക്ക് കടകവിരുദ്ധമാണെങ്കിലും മാർക്സിസ്സം അനുശാസിക്കുന്ന ബലപ്രയോഗത്തിലൂടെ പെട്ടെന്നൊരു സമൂലപരിവർത്തനവും വിമോചനവും നേടിയെടുക്കാമെന്ന ചിന്ത എളുപ്പത്തിൽ സ്വീകാര്യമായിത്തോന്നാം. അതുകൊണ്ടുതന്നെ തെക്കേ അമേരിക്കൻ രാജ്യങ്ങൾ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന് നല്ല വളക്കൂറുള്ള മണ്ണാണെന്നതിന് സംശയമില്ല.

## II വിപ്ലവകാരികളുടെ രംഗപ്രവേശം

ഈ സാഹചര്യത്തിലാണ് വിപ്ലവചിന്തയും വിപ്ലവകാരികളും രംഗപ്രവേശം ചെയ്യുന്നതു്. ഫിഡൽ കാസ്റ്ററോ (Fidel Castro) യുടെ നേതൃത്വത്തിൽ 1959-ൽ ക്യൂബയിൽ നടന്ന രക്തരൂഷിത വിപ്ലവം തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ വിപ്ലവപ്രസ്ഥാനത്തിൻെറയും മാർക്സിസത്തിൻെറയും വളർച്ചയ്ക്ക് ആരംഭം കുറിച്ചുവെന്നുവേണം കണക്കാക്കാൻ. രൂക്ഷമായ അഴിമതിയും കടുത്ത ദുർഭരണവുംകൊണ്ടു് പൊറുതിമുട്ടിയ ജനങ്ങളാണ് അക്രമം പ്രയോഗിച്ച് നിലവിലുണ്ടായ ഗവണ്മെൻറിനെ താഴെയിറക്കി കാസ്ട്രോയെ അധികാരത്തിലേററിയതു്. കമ്മ്യൂണിസത്തിലേക്ക് വഴുതിവീണ ക്യൂബ കേന്ദ്രമാക്കി കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ പ്രചരിപ്പിക്കാൻ റഷ്യയ്ക്കു് ഇതുവഴി അവസരം ലഭിച്ചു.

### കമില്ലോ തോറസ്സ്

തെക്കേഅമേരിക്കയിൽ വിപ്ലവചിന്ത പകരാൻ ഏറെ സഹായിച്ച വ്യക്തി കൊളംബിയാക്കാരനായ കമില്ലോ തോറസ്സ് എന്ന കത്തോലിക്കാവൈദികനാണ്. അദ്ദേഹം കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ച് വിമോചനത്തിനുവേണ്ടി ഗറില്ല സമരത്തിന് നേതൃത്വം കൊടുക്കുകയുണ്ടായി. തെക്കെ അമേരിക്കൻ ഭൂഖണ്ഡത്തിൽ നിലനില്ക്കുന്ന കടുത്ത അനീതിയെ ചോദ്യം ചെയ്യേണ്ടതു്, തൻെറ ദൗത്യമായി കണ്ട അദ്ദേഹം പൗരോഹിത്യജീവിതം ഉപേക്ഷിച്ച് വിപ്ലവപ്രസ്ഥാനം കെട്ടിപ്പടുത്തു. അദ്ദേഹത്തിൻെറ ലക്ഷ്യം ശരിയായിരുന്നെങ്കിലും, യേശു പഠിപ്പിച്ച സ്നേഹത്തിൻെറ മാർഗ്ഗത്തിൽ നിന്നു് വഴിതെററിമാറിയെന്നതിൽ തർക്കമില്ല. ഗാന്ധിജിയും



www.malankaralibrary.com

മാർട്ടിൻ ലൂതർ കിങ്ങും വെട്ടിത്തുറന്ന അഹിംസയുടെ മാർഗ്ഗത്തിന്റെ വിജയരഹസ്യം കണ്ടെത്താൻ കഴിയാതെ പോയെന്നതു് വലിയൊരു ദുഃഖസത്യമാണു്. 1966-ൽ വധിക്കപ്പെട്ട കമില്ലോ തോറസ്സ് അവശവിഭാഗങ്ങൾക്കു് ആവേശം നൽകിയ വ്യക്തിയാണു് എന്നതിൽ പക്ഷാന്തരമില്ല. ഇന്നു് പലയിടത്തും നിലവിലുള്ള ബലപ്രയോഗവിപ്ലവപ്രസ്ഥാനങ്ങൾക്കു് ഉത്തേജനം നൽകിയവരിൽ വലിയ പ്രാമുഖ്യം കമില്ലോ തോറസ്സിനുണ്ടു്.

## ചേഗുവേര

അർജൻറീനാക്കാരനായ ചേഗുവേരയാണു് സായുധവിപ്ലവത്തിനു് ആവേശം പകർന്ന മറ്റൊരു വിപ്ലവനേതാവു്. ക്യൂബ ഉൾപ്പെടെ പല രാജ്യങ്ങളിലും ഗറില്ലാ സമരത്തിനു നേതൃത്വം കൊടുത്ത അദ്ദേഹം തെക്കേ അമേരിക്കയിൽ സായുധവിപ്ലവത്തിനു് പ്രചോദനം നൽകാൻ വളരെയധികം സഹായിച്ചിട്ടുണ്ടു്. 1967ൽ വധിക്കപ്പെട്ടെങ്കിലും ഇന്നും അദ്ദേഹം നടത്തിയ വിപ്ലവ പ്രസ്ഥാനത്തിന്റെ പ്രതിധ്വനികൾ തെക്കേഅമേരിക്ക മുഴുവനിലും വ്യക്തമായി കേൾക്കാം.

## III. സഭയിൽ വിമോചനചിന്തയുടെ വളർച്ച

മനുഷ്യന്റെ സമഗ്രവളർച്ചയ്ക്കു് വിഘാതമായി നില്ക്കുന്ന എല്ലാ സാമൂഹിക—സാമ്പത്തിക—രാഷ്ട്രീയ വ്യവസ്ഥിതികളിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കാനുള്ള പരിശ്രമത്തിനു് സഭയിൽ ഊന്നൽ ലഭിക്കാൻ തുടങ്ങിയതു് വത്തിക്കാൻ സൂനഹദോസോടുകൂടിയാണു്. ''സഭ ആധുനികലോകത്തിൽ'' എന്ന പ്രമാണരേഖ ഈ പുതിയ സമീപനത്തിന്റെ മാർഗ്ഗരേഖയായി കണക്കാക്കാം. മനുഷ്യാന്തസ്സിനു് അനുയോജ്യമായ ജീവിതസാഹചര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കാൻ സഭ പരിശ്രമിക്കേണ്ടതുണ്ടു് എന്ന ചിന്തയാണു് ഈ പ്രമാണരേഖ പ്രധാനമായും അവതരിപ്പിക്കുക. ശുശ്രൂഷ അർപ്പിക്കാൻ വന്ന യേശുവിനെ അനുകരിച്ചു് സഭ ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ചു് ഏതെങ്കിലും തരത്തിൽ അവശതയും ദാരിദ്ര്യവും അനുഭവിക്കുന്നവരുടെ ശുശ്രൂഷകയായിരിക്കണമെന്ന സൂനഹദോസിന്റെ തീരുമാനം [9] വിമോചനദൈവശാസ്ത്രത്തിന്റെ ആവിർഭാവത്തിനു് സഹായകമായ വസ്തുതയാണു്.

9. Vatican II, The Church in the Modern World, no. 3



www.malankaralibrary.com

1961-ൽ ജോൺ 23-ാമൻ മാർപാപ്പ തെക്കേ അമേരിക്കൻ മെത്രാന്മാർക്കു് അയച്ച കത്തിൽ അവരുടെ സമൂഹങ്ങളിൽ സമഗ്രമായ പുതുക്കിപ്പണിയലുകൾ ആവശ്യമാണെന്നും അതു് സാദ്ധ്യമാക്കാൻ സഭയുടെ വിവിധ തലങ്ങളെ സജ്ജമാക്കാൻ പരിശ്രമിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി (10). മനുഷ്യാന്തസ്സിനെ അവഹേളിക്കുന്ന വ്യവസ്ഥിതികളെ പരിവർത്തനത്തിനു് വിധേയമാക്കി നീതിയും മനുഷ്യാവകാശങ്ങളും സുരക്ഷിതമാക്കാനുള്ള ആഹ്വാനമായിരുന്നു പരി. പിതാവു് നടത്തിയതു്. ഇതോടെയാണു് സഭയുടെ ഉന്നത തലങ്ങളിൽ സാമൂഹിക—സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ച താല്പര്യം രൂപപ്പെട്ടതെന്നുവേണം പറയാൻ.

"മാതാവും ഗുരുനാഥയും" (1961), "ലോകത്തിൽ സമാധാനം"(1963), "ജനതകളുടെ പുരോഗതി"(1968) എന്നീ ചാക്രിക ലേഖനങ്ങൾ വിമോചനദൈവശാസ്ത്രത്തിന്റെ ആവിർഭാവത്തിനു് വളരെയേറെ സഹായിച്ചിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല.

## ബൈബിൾ പഠനവും വിമോചനസങ്കൽപവും

വി. ഗ്രന്ഥപഠനത്തിനു് വത്തിക്കാൻ സൂനഹദോസ് നല്കിയ പ്രചോദനം ആ രംഗത്തു് വളരെയേറെ ഗവേഷണത്തിനും ചിന്തയ്ക്കും വഴിയൊരുക്കി. ദരിദ്രരുടെ പക്ഷംചേരാനും അവരുടെ വിമോചനത്തിനായി പ്രവർത്തിക്കാനുമുള്ള ക്രൈസ്തവന്റെ കടമയെ സംബന്ധിച്ച അവബോധം ആഴമാക്കാൻ ബൈബിൾ പഠനം വളരെയധികം സഹായിച്ചിട്ടുണ്ടു്. ജീവകാരുണ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന സാമൂഹികഇടപെടൽമാത്രം പോരാ, മറിച്ചു് സമൂഹത്തിൽ നീതി പുന:സ്ഥാപിക്കുകകൂടി ക്രൈസ്തവന്റെ കടമയായി പരിഗണിക്കണമെന്ന ചിന്തയും ബൈബിൾ ഗവേഷണം വളർത്തുകയുണ്ടായി. നീതി പുനഃസ്ഥാപിക്കാനുള്ള പഴയനിയമപ്രവാചകരുടെ പരിശ്രമം ഈ രംഗത്തു് പുതിയ ഉൾക്കാഴ്ചകൾ നല്കുന്നുണ്ടു്.

ഈ പശ്ചാത്തലത്തിലാണു് രാഷ്ട്രീയ ദൈവശാസ്ത്രങ്ങൾ ഉടലെടുക്കുന്നതു്. ജർമ്മൻകാരായ മെററ്സിന്റെ "ലോകത്തിന്റെ ദൈവശാസ്ത്രം" മൊൾട്ട്മാന്റെ "പ്രത്യാശയുടെ ദൈവശാസ്ത്രം" തുടങ്ങിയവ.

---

10. Catholic Encyclopedia, Vol. 17. p.322.



www.malankaralibrary.com

## IV തെക്കേ അമേരിക്കൻസഭയുടെ പ്രതികരണം

1960 കളുടെ അവസാനത്തോടുകൂടി തെക്കേ അമേരിക്കൻ സഭ സാമൂഹ്യനീതിക്കും അവശവിഭാഗങ്ങളുടെ വിമോചനത്തിനും വേണ്ടി ശക്തിയായി വാദിക്കാൻ തുടങ്ങി. കൊളംബിയ, ബൊളീവിയ, ഉറുഗ്ഗുവേ, ബ്രസ്സീൽ, എക്വഡോർ തുടങ്ങിയ രാജ്യങ്ങളിലെ വൈദിക സംഘടനകൾ ദരിദ്രവിഭാഗങ്ങളുടെ വികസനവും, വിമോചനവും പ്രമേയമാക്കി പരസ്യ പ്രസ്താവനകൾ നടത്തിയിട്ടുണ്ട്.[11] വേണ്ടിവന്നാൽ രക്തരൂഷിത വിപ്ലവത്തിലൂടെ സാമൂഹിക–സാമ്പത്തിക–രാഷ്ട്രീയ പരിവർത്തനം നേടിയെടുക്കണമെന്ന ചിന്തയും ഇവയിൽ പ്രകടമാണ്. 1968-ൽ കൊളംബിയയിൽ കൂടിയ; തൊള്ളായിരം വൈദികർ പങ്കെടുത്ത സമ്മേളനം മെത്രാന്മാരുടെ കോൺഫ്രൻസിനു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇത്തരത്തിലുള്ള സൂചനയുണ്ട്.[12] ഇതിന്റെ വെളിച്ചത്തിലാണ് പോൾ ആറാമൻ പാപ്പ തന്റെ തെക്കേ അമേരിക്കൻ സന്ദർശനാവസരത്തിൽ (1968) അക്രമ മാർഗ്ഗത്തിനെതിരായി ആവർത്തിച്ച് സംസാരിക്കാൻ കാരണം. ''നിങ്ങൾ അക്രമങ്ങളിലും വിപ്ലവങ്ങളിലും വിശ്വാസമർപ്പിക്കരുത് എന്ന് ശക്തിപൂർവ്വം നാം നിങ്ങളെ ഉൽബോധിപ്പിക്കുന്നു. അത് ക്രിസ്തീയാരൂപിക്കു വിരുദ്ധമായ ചിന്താഗതിയാണ്. ന്യായപൂർവ്വം നിങ്ങളഭിലഷിക്കുന്ന സാമൂഹികോന്നമനത്തെ അതു ത്വരിതപ്പെടുത്തുകയില്ല; തടസ്സപ്പെടുത്തുകമാത്രമേ ചെയ്യുകയുള്ളു''.[13]

വിമോചനചിന്തയുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട ഒരു കണ്ണിയാണ് മെഡല്ലിനിൽ കൂടിയ ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേളനം (1968). ഈ സമ്മേളനം 16 പ്രമാണരേഖകൾ

---

11. Cfr: Between Honesty and Hope, op. cit.
12. "These suggestions, we feel, do not put us in favour of indiscriminate violence. On the contrary, we grieve to think that we may have to accept the fact of the use of force in the re-establishment of justice." (Latin America: A continent of Violence, in Between Honesty and Hope, op. cit. p. 84.
13. Speech in Columbia, Aug. 23, 1968 Cfr: Evangelii Nuntiandi no. 37.



www.malankaralibrary.com

പ്രസിദ്ധീകരിക്കുകയുണ്ടായി. സഭയുടെ ഔദ്യോഗികരേഖകളിൽ ആദ്യമായി "വിമോചനം" എന്ന പദപ്രയോഗം ഇവയിലാണ് കണ്ടെത്തുക. അനീതി നിറഞ്ഞ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങളിൽനിന്ന് ജനകോടികളെ വിമോചിപ്പിക്കേണ്ടതിന്റെ ആവശ്യത്തിന് ഈ പ്രമാണരേഖ ഊന്നൽ കൊടുക്കുന്നുണ്ടെന്ന കാര്യം പ്രസക്തമാണ്.

മെഡല്ലിൻ കോൺഫ്രൻസോടുകൂടി ലത്തീൻ അമേരിക്കൻ സഭ നീതിയിലധിഷ്ഠിതമായ സമൂഹരൂപീകരണത്തിന് പ്രയത്നിക്കാൻ പ്രതിജ്ഞാബദ്ധമായി, റെസീഫിലെ (ബ്രസീൽ) മെത്രാപ്പോലീത്ത ഹെൽഡർ കാമറ, ചിംബോർ ആസോ (എക്വഡോർ) യിലെ മെത്രാൻ പ്രോവാഞ്ഞോ, കർദ്ദിനാളന്മാരായ ആൺസും, ലോർഡ്ഷെയറും (ബ്രസീൽ) നീതിക്കും വിമോചനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകിയവരിൽ പ്രധാനികളാണ്. ഇതിനകം മെത്രാന്മാരും, വൈദികരും, സന്യാസിനീ സന്യാസികളുമടങ്ങുന്ന 850 ഓളം പേർ നീതിക്കായുള്ള തങ്ങളുടെ പ്രവർത്തനത്തിന്റെ പേരിൽ വധിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നാണ് കണക്ക്. ദൈവഹിതത്തിനനുസൃതമായ സമൂഹരൂപീകരണത്തിനായി പ്രതിജ്ഞാബദ്ധരായവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ച് 'നീതി സ്ഥാപനത്തിനും, സമൂഹപുനർനിർമ്മാണത്തിനുമായുള്ള യത്നങ്ങളെ സുവിശേഷവൽക്കരണത്തിന്റെ നിർമ്മാണഘടകങ്ങളായി' (Constitutive dimension) കണക്കാക്കാൻ (14) തുടങ്ങിയതോടെ.

മുകളിൽ സൂചിപ്പിച്ച വിവിധങ്ങളായിട്ടുള്ള പ്രസ്ഥാനങ്ങളും ചിന്താധാരകളുമാണ് വിമോചനദൈവശാസ്ത്രം ഉരുത്തിരിയാൻ മുഖ്യമായും കാരണമായത്. 1971-ലാണ് ഈ ദൈവവിജ്ഞാനീയത്തിന്റെ പ്രാമാണിക പ്രസിദ്ധീകരണമായ ഗുസ്താവോ ഗുത്തിറസ്സിന്റെ "വിമോചനദൈവശാസ്ത്രം" എന്ന ഗ്രന്ഥം പുറത്തുവന്നത്. ലെയനാർഡ്ബോഫ്, ഹ്യൂഗോ ആസ്സ്മാൻ തുടങ്ങിയവർ പിന്നീട് ഈ രംഗത്ത് വലിയ സംഭാവനകൾ നല്കിയവരുടെ കൂട്ടത്തിൽപ്പെടും.

## V വിമോചന ദൈവശാസ്ത്രത്തിന്റെ വിവിധ സമീപനങ്ങൾ

ഈ ദൈവശാസ്ത്രചിന്തയ്ക്ക് തികച്ചും തനതായ സമീപനവും പ്രവർത്തനശൈലിയുമുണ്ട്. ഇവയെ പ്രധാനമായും നാലായി തിരിക്കാം.

14. Synod of Bishops, "Justice in the world, no. 5.



www.malankaralibrary.com

## 1. സാഹചര്യങ്ങളുടെ അടിസ്ഥാന വിശകലനം

ഈ ദൈവശാസ്ത്രചിന്തയുടെ ആദ്യപടി അനീതി നിറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാന വിശകലനമാണ്. പല ദേശീയ ഹൈരാർക്കികളും ഇതിനകം തങ്ങളുടെ രാജ്യങ്ങളിലെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാനും പ്രശ്നങ്ങൾക്ക് ക്രിസ്തീയ പരിഹാരങ്ങൾ അന്വേഷിക്കാനും തുടങ്ങിയിട്ടുണ്ട്.

ഇത്തരത്തിലുള്ള സമൂഹ പരിശോധനയ്ക്ക് സാമൂഹ്യശാസ്ത്രത്തിന്റെ സഹായം അനിവാര്യമാണ്. മാർക്സിയൻ സാമൂഹിക വിശകലന രീതിയാണ് പൊതുവെ വിമോചന ദൈവശാസ്ത്രജ്ഞരിലധികവും സ്വീകരിക്കുന്നത്. മാർക്സിയൻ പ്രത്യയ ശാസ്ത്രവും മാർക്സിയൻ സാമൂഹിക വിശകലനവും തമ്മിൽ അഭേദ്യമായ ബന്ധം ഉള്ളതുകൊണ്ട് ആത്യന്തിക പരിശോധയിൽ ക്രൈസ്തവ വിശ്വാസത്തിന് കടകവിരുദ്ധമായ മാർക്സിയൻ പ്രത്യയശാസ്ത്രം സഭയേയും സമൂഹത്തേയും സ്വാധീനിക്കുമെന്ന ഭയത്തിന് ന്യായീകരണമുണ്ട്.

## 2. വിശ്വാസസത്യങ്ങളുടേയും പാരമ്പര്യങ്ങളുടേയും വിശകലനം:

വിലയിരുത്തലിന് വിധേയമാക്കപ്പെട്ട സാമൂഹിക യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച ദൈവഹിതം മനസ്സിലാക്കാനാണ് അടുത്തതായി ശ്രമിക്കുക. കാലത്തിന്റെ ചുവരെഴുത്ത് വിശ്വാസത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാനുള്ള വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശമാണ് ഇതു വഴി നിർവ്വഹിക്കപ്പെടുക.

ഈ രംഗത്തെ വേറൊരു പ്രവർത്തനം നിലവിലുള്ള സഭാ പാരമ്പര്യങ്ങളും ആചാരങ്ങളും ഏതു തരത്തിലുള്ള സ്വാധീനമാണ് പ്രസ്തുത പ്രശ്നങ്ങളിൽ ചെലുത്തുന്നതെന്ന പരിശോധനയാണ്. പരോക്ഷമായിട്ടോ പ്രത്യക്ഷമായിട്ടോ പ്രസ്തുത പ്രശ്നങ്ങളുടെ രൂപീകരണത്തിനും നിലനില്പിനും സഭ കാരണമാകുന്നുണ്ടോയെന്ന വിശകലനമാണിവിടെ നടക്കുക. 1969-ൽ പെറുവിലെ മെത്രാന്മാരുടെ കൗൺസിൽ പുറപ്പെടുവിച്ച താഴെക്കൊടുക്കുന്ന പ്രസ്താവന ഇത്തരത്തിലുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ്: "ക്രിസ്ത്യാനികളായ നമ്മൾ സുവിശേഷത്തോടുള്ള നമ്മുടെ വിധേയത്വക്കുറവ് കൊണ്ട് സമൂഹത്തിൽ അനീതിപരമായ സാഹചര്യങ്ങളുടെ ഉത്ഭവ



www.malankaralibrary.com

ത്തേയും വളർച്ചയേയും ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നു് അംഗീകരിക്കുന്നു. നമ്മുടെ വാക്കുകളും മനോഭാവവും മനഃപൂർവ്വമായ നിശ്ശബ്ദതയും നിഷ്ക്രിയത്വവുമാണു് ഇതിനു് കാരണം കുറിച്ചതു്'' (15).

ഈ സ്വയം പരിശോധനയും വിമർശനവും ശ്ലാഘനീയമാണെങ്കിലും ചില വിമോചനദൈവശാസ്ത്രജ്ഞർ ഇതിനെ വെറും നിഷേധാത്മകവിമർശനമായി തരം താഴ്ത്തുന്നുണ്ടെന്ന കാര്യം അവഗണിക്കാനാവില്ല. ഇവർ സഭാ വിരോധികളുടെ കരങ്ങളിൽ കരുക്കളായി മാറിയെന്നുവരാം. ആത്യന്തിക പരിശോധനയിൽ ഈ സമീപനം പ്രശ്നപരിഹാരം സങ്കീർണ്ണമാക്കാനേ സഹായിക്കുകയുള്ളു.

## 3. പുനർനിർമ്മാണവും പുനർവ്യാഖ്യാനവും

ചരിത്രത്തിൻെറ ഗതിയിൽ തേഞ്ഞുമാഞ്ഞു് ലോലമായതും എന്നാൽ വിമോചനചിന്തയ്ക്കു് ആക്കം നൽകുന്നതുമായ പാരമ്പര്യങ്ങളേയും വിശുദ്ധഗ്രന്ഥഭാഗങ്ങളേയും പുനർജ്ജീവിപ്പിക്കുകയും, പുനർവ്യാഖ്യാനം ചെയ്യുകയുമാണു് വിമോചനദൈവശാസ്ത്രജ്ഞന്മാരുടെ മറെറാരു സമീപനം. അടിസ്ഥാനസഭാസമൂഹം അഥവാ ജനങ്ങളുടെ സഭ (Basic Christian Community), ദരിദ്രരുടെ സഭ തുടങ്ങിയ സങ്കല്പങ്ങളൊക്കെ ഈ പുനർനിർമ്മാണ ശ്രമങ്ങളുടെ ഫലമായിട്ടു് വളർന്നുവരുന്നതാണു്. ഈ വഴിക്കുള്ള ശ്രമങ്ങളൊക്കെ കാലഘട്ടത്തിൻെറ ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും പുതിയ സമൂഹം നിർമ്മിക്കാനുള്ള ആവേശത്തിൽ സഭയേയും സഭാസ്ഥാപനങ്ങളേയും സംബന്ധിച്ച മൗലികങ്ങളായ വിശ്വാസസത്യങ്ങളെ പുറംതള്ളാൻ ഇടയാകാമെന്ന അപകടത്തെക്കുറിച്ചു് ചിന്തയുണ്ടാകേണ്ടതുണ്ടു്.

പാപം, ദൈവരാജ്യം, രക്ഷ തുടങ്ങിയ സങ്കല്പങ്ങളുടെ പുനർവ്യാഖ്യാനമാണു് വിമോചനദൈവശാസ്ത്രത്തിൻെറ വേറൊരു പ്രത്യേകത. ഈ ദൈവശാസ്ത്രപ്രമേയങ്ങളെ സംബന്ധിച്ച പുതിയ വിശദീകരണങ്ങൾ സഭയുടെ ഔദ്യോഗിക രേഖകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ടു്. വ്യക്തിഗത പാപത്തോടു

---

15. Closing Statement of the 36th Peruvian Episcopal Conference, 1969, in Between Honesty and Hope, op. cit. p. 230,



www.malankaralibrary.com

സമാനമായി "സംവിധാനാത്മക പാപം" ഉണ്ടെന്നും [16] ദൈവരാജ്യം, രക്ഷ എന്നിവയൊക്കെ യുഗാന്ത്യയാഥാർത്ഥ്യങ്ങളും മാത്രമല്ലെന്നും മറിച്ച്, അവ ഈലോകജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്നും പല പ്രമാണരേഖകളിലൂടെ സഭ ഈ അടുത്ത കാലത്തു് ഊന്നിപ്പറഞ്ഞിട്ടുണ്ടു്.[17]

ഇവിടെ പ്രസക്തമായ കാര്യം പാപത്തെ സംവിധാനാത്മക പാപമായും ദൈവരാജ്യത്തെ ഭൗമിക പറുദീസയായും പ്രായോഗികമായെങ്കിലും വെട്ടിച്ചുരുക്കാനുള്ള പ്രവണത ഉണ്ടെന്ന വസ്തുതയാണു്. വളരെ വിവേകപൂർവ്വകമായ സമീപനം ഈ രംഗത്തു് ആവശ്യമായി വരും.

## 4. പ്രവർത്തനം – ദൈവശാസ്ത്രചിന്തയുടെ ലക്ഷ്യവും മാനദണ്ഡവും

വിശ്വാസമെന്നതു് സത്യം ഏററുപറയുക മാത്രമല്ല, പ്രത്യുത സത്യത്തോടുള്ള സമർപ്പണവും, ആ സമർപ്പണത്തിന്റെ ഫലമായ പ്രവർത്തനവുമാണു്. യാഥാസ്ഥിതികത്വം (orthodoxy) കാത്തുസൂക്ഷിക്കുന്നതുപോലെതന്നെ ശരിയായ പ്രവർത്തന (orthopraxis) ത്തിനു് ഉത്തേജനം നൽകുന്നവയായിരിക്കണം യഥാർത്ഥ ദൈവശാസ്ത്രം. ചുരുക്കത്തിൽ, പ്രവർത്തനവും അതിനോടുള്ള സമർപ്പണ മനോഭാവവുമാണു് യഥാർത്ഥവിശ്വാസത്തിന്റെ മാനദണ്ഡം ([18]).

സാമൂഹ്യ ഇടപെടലിന്റെ ഫലമായാണു് നമ്മുടെ അറിവും ഉൾക്കാഴ്ചയും ആഴപ്പെടുകയെന്ന വിമോചന ദൈവശാസ്ത്രചിന്ത പ്രസക്തമാണിവിടെ. സാമൂഹ്യ പ്രതിബദ്ധതയും സാമൂഹ്യ ഉൽച്ചേരലും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച അറിവു് ആഴമാക്കും. അനുഭവത്തിന്റെ വെളിച്ചത്തിൽ ഉരുത്തിരിയുന്ന അറിവേ പ്രവർത്തനത്തിനു് വേണ്ടത്ര ഉത്തേജനം നൽകുകയുള്ളുവെന്നതു് തർക്കമററ കാര്യമാണു്. ഇവിടെ ത്യജിക്കേണ്ട ഒരുകാര്യം "പ്രാക്സിസ്സി"ലൂടെ മാത്രമേ സത്യം ഗ്രഹിക്കാൻ കഴിയൂ എന്ന മാർക്സിന്റെ തെററായ ചിന്തയാണു്.

---

16. Thomas Chakiath, Structural Sin, Mathavum Chinthayum, January-February, 1984, pp. 8-32.
17. Synod of Bishops, Justice in the World; Pope Paul VI, Evangelii Nuntiandi etc.
18. Gustavo Gutierez, A Theology of Liberation, London, SCM Press Ltd. 1974, p. 10.



www.malankaralibrary.com

പ്രവർത്തനമെന്നതു് വെറും രാഷ്ട്രീയപ്രവർത്തനമായും രാഷ്ട്രയി പ്രവർത്തനത്തെ വർഗ്ഗസമരമായും പരിമിതിപ്പെടുത്താനുള്ള പ്രവണതയും ത്യജിക്കേണ്ടിവരും.

## VI. "ക്രിസ്റ്റ്യൻസ് ഫോർ സോഷ്യലിസം"

വഴിതെററിപ്പിരിഞ്ഞ വിമോചനദൈവശാസ്ത്രശാഖയുടെ സൃഷ്ടിയാണു് ക്രിസ്റ്റ്യൻസ് ഫോർ സോഷ്യലിസം എന്ന പ്രസ്ഥാനം. 1968-ൽ മെഡല്ലിനിൽ കൂടിയ മെത്രാന്മാരുടെ സമ്മേളനം നീതിസ്ഥാപനവും സമൂഹപുനർനിർമ്മാണവും ലക്ഷ്യം വച്ചുകൊണ്ടു് നൽകിയ നിർദ്ദേശങ്ങളും കർമ്മപദ്ധതികളും അപര്യാപ്തമാണെന്നു തോന്നിയ തീവ്രവാദികളായ കുറെ വൈദികരും അൽമായരുംകൂടി 1972-ൽ സാൻന്തിയാഗോയിൽ സമ്മേളിച്ചു് ക്രിസ്റ്റ്യൻസ് ഫോർ സോഷ്യലിസം (19) എന്ന പ്രസ്ഥാനത്തിനു രൂപം കൊടുത്തു, സഭയുടെ സാമൂഹികപഠനം നിർദ്ദേശിക്കുന്ന മദ്ധ്യമാർഗ്ഗം അഥവാ നവീകരണ (reform) പ്രവർത്തനത്തിലൂടെ പരിവർത്തനം നേടുകയെന്നതിനു് പകരം വിപ്ലവത്തിൻേറയും വർഗ്ഗസമരത്തിൻേറയും മാർഗ്ഗമാണു് ഈ പ്രസ്ഥാനം സ്വീകാര്യമായി കണക്കാക്കുന്നതു്.

നാനൂറോളം പ്രതിനിധികൾ പങ്കെടുത്ത സാൻന്തിയാഗോയിലെ സമ്മേളനത്തിനു് സഭാഹൈരാർക്കിയുമായി ബന്ധമുണ്ടായിരുന്നില്ലെങ്കിലും ചിലിയിലെ കർദ്ദിനാളായ റാവുൾസിൽവായെ യോഗത്തിൽ പങ്കെടുക്കുവാൻ സംഘാടകർ ക്ഷണിച്ചിരുന്നു. സമ്മേളനത്തിൻെറ കരടുരേഖ പഠിച്ചു് അതിലെ ദൈവശാസ്ത്രപരമായ തെററുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് സമ്മേളനസംഘാടകനായ ഗൊൺസാലോ ആരോയോ എന്ന ഈശോസഭാ വൈദികനു് കർദ്ദിനാൾ കൊടുത്ത മറുപടിയിൽ താഴെപ്പറയുന്ന ആറുകാര്യങ്ങൾ എടുത്തുകാണിക്കുന്നുണ്ടു്. (20)

1) ക്രിസ്റ്റ്യൻസ് ഫോർ സോഷ്യലിസം സഭാസംവിധാനങ്ങളെ തള്ളിപ്പറയുന്നു.

---

19) John Eagleson (ed) Christians and Socialism: Documentation of the Christians for Socialism Movement in Latin America' Orbis Books, New York, 1975.

20) Ibidem. pp. 41-47



www.malankaralibrary.com

2) ഇന്നത്തെ സാഹചര്യത്തിൽ സായുധവിപ്ലവം മാത്രമേ സമൂഹ പരിവർത്തനത്തിനായുള്ള ഉപാധിയായി കരടു്രേഖ കാണു ന്നുള്ളു.

3) ക്രിസ്തീയതയെ ഒരു വർഗ്ഗസമരമായി തരംതാഴ്ത്തി കണ ക്കാക്കുന്നു.

4) ദൈവശാസ്ത്രത്തെ ഒരു പ്രത്യയശാസ്ത്രമായി കണക്കാക്കുന്നു.

5) സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിനുള്ള പ്രസ്ഥാന മായി മാത്രം സഭയെ കാണാനുള്ള പ്രവണത കരടു്രേഖയ ലുണ്ടു്.

6) സഭയെ സംബന്ധിച്ച ദൈവികരഹസ്യത്തിൻെറ അർഹമായ അംഗീകാരം വ്യക്തമല്ല.

1973-ൽ ചിലിയിലെ മെത്രാന്മാരുടെ കൗൺസിൽ "Christian Faith & Political Activity" എന്നപേരിൽ അൻപതു് പേജുകളുള്ള ഒരു പ്രസ്താവനയിലൂടെ ക്രിസ്ത്യൻസ് ഫോർ സോഷ്യലിസം എന്ന പ്രസ്ഥാനത്തിൻെറ തെററായ സമീപനങ്ങളേയും ചിന്താധാരകളേ യും വിമർശിക്കുകയുണ്ടായി. ([21]) ഈ സംഘടനയിൽ വൈദികരും, സന്യാസിനീസന്യാസികളും അംഗത്വം സ്വീകരിക്കുന്നതിനെ മെത്രാന്മാരുടെ സമ്മേളനം വിലക്കുകയും ചെയ്തിട്ടുണ്ടെന്നകാര്യം ([22]) പ്രസക്തമാണു്.

ക്രിസ്ത്യൻസ് ഫോർ സോഷ്യലിസം ഇന്നു് ഒരു അന്തർദ്ദേശീയ പ്രസ്ഥാനമായി വളർന്നിട്ടുണ്ടു്. ഇതിൻെറ സ്വാധീനം ഇന്ത്യ യിൽ പലയിടത്തും എത്തിക്കഴിഞ്ഞുവെന്നകാര്യം ശ്രദ്ധേയമാണു്. ഈ പ്രസ്ഥാനത്തിൻെറ ലക്ഷ്യം സ്തുത്യർഹമാണെങ്കിലും അതു് നിർദ്ദേ ശിക്കുന്ന മാർഗ്ഗങ്ങളും സമീപനങ്ങളും ക്രൈസ്തവ ആദർശങ്ങളായ അഹിംസ, സ്നേഹം തുടങ്ങിയവയ്ക്കു് നിരക്കാത്തതായതുകൊണ്ടു് ആത്യന്തികപരിശോധനയിൽ പ്രശ്നപരിഹാരം ദുഷ്കരമാകാനാണു് സാദ്ധ്യത. അതാണല്ലോ ചരിത്രം പഠിപ്പിക്കുന്നതും. നീതിക്കു വേ ണ്ടിയുള്ള ആവേശം സൃഷ്ടിക്കുന്ന വൈകാരികക്ഷോഭം മൂലം യുക്തി

21) Ibidem pp. 179-227
22) Ibidem p. 217



www.malankaralibrary.com

പൂർവ്വം ചിന്തിക്കാനുള്ള സാവകാശം പലരിലും നഷ്ടപ്പെടുക എളുപ്പമാണ്. (23)

## ഉപസംഹാരം

ഈ കാലഘട്ടത്തിന്റെ ഏററവും ശക്തമായ ചുവരെഴുത്ത് വിമോചനത്തിനായുള്ള അഭിവാഞ്ഛയാണെന്നകാര്യം തർക്കമററതാണ്. വിമോചനത്തിനായുള്ള അഭിനിവേശം ഉറവെടുക്കുക ക്രിസ്തീയവിശ്വാസത്തിൽനിന്നാണെന്ന വസ്തുതയ്ക്ക് വളരെ പ്രസക്തിയുണ്ട്. ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അന്തസ്സിനെപ്പററിയും അവന്റെ ദൈവദത്തമായ അവകാശങ്ങളെപ്പററിയും സഭയുടെ എല്ലാ തലങ്ങളിലും വളർന്നുവരുന്ന പുതിയ അവബോധമാണ് വിമോചനതാല്പര്യത്തിന് ശക്തി കൂട്ടുന്നത്.

ഈ സാഹചര്യത്തിൽ അനീതിയുടെ പരിണിതഫലമായി, കൊടുംപട്ടിണിയിലും മനുഷ്യോചിതമല്ലാത്ത ജീവിതസാഹര്യങ്ങളിലും കഴിയുന്ന ജനകോടികളെ തങ്ങളായിരിക്കുന്ന അവസ്ഥയിൽ നിന്ന് മോചിക്കാനാവശ്യമായ യത്നം നടക്കേണ്ടതുണ്ട്. പരമ്പരാഗതമായ, ജീവകാരുണ്യപ്രവത്തനമല്ല അനിവാര്യമായ പരിഹാരമാർഗ്ഗം. സാമൂഹിക–സാമ്പത്തിക–രാഷ്ട്രീയ സംവിധാനങ്ങളുടെ അടിസ്ഥാനപരമായ മാററംതന്നെ ഇതു് ആവശ്യപ്പെട്ടെന്ന് വരാം. ക്രിസ്തീയമാർഗ്ഗങ്ങരം സ്വീകരിച്ച് സമൂഹത്തിന്റെ ഈ പൊളിച്ചു പണിക്കായുള്ള തീവ്രശ്രമത്തിന്റെ അഭാവത്തിൽ വിപ്ലവകാരികളും സായുധവിപ്ലവപ്രസ്ഥാനങ്ങളും വളർന്നുവരിക സ്വാഭാവികമാണ്. അതാണിന്ന് പലയിടത്തും നടക്കുക. വിപ്ലവപ്രസ്ഥാനങ്ങളേയും വർഗ്ഗസമരാവേശങ്ങളേയും നിയന്ത്രിക്കാനുള്ള ഏകമാർഗ്ഗം അവ ഉറവെടുക്കാൻ കാരണമാകുന്ന അനീതിനിറഞ്ഞ സാഹചര്യങ്ങളും ജീവിതരീതികളും തുടച്ചുമാററുകയാണ്. അനീതിക്കുമുമ്പിൽ നിഷ്ക്രിയത്വവും നിശ്ശബ്ദതയുമായി ബന്ധപ്പെട്ടവർ നോക്കി നിന്നാൽ അതുതന്നെ അനീതിയെ വളർത്തും തൽഫലമായി ബലപ്രയോഗചിന്തയ്ക്ക് സ്വീകാര്യത കിട്ടുമെന്നകാര്യം വിസ്മരിക്കരുത്. വിമോചനദൈവശാസ്ത്രത്തിന്റെ കാര്യത്തിൽവന്ന പാളിച്ചയുടെ പുറകിലും ഇത്തരത്തിലുള്ള സാഹചര്യം ഉണ്ടെന്നകാര്യം അറിഞ്ഞിരിക്കുക ആവശ്യമാണ്.

— ഡോ. തോമസ് ചക്യത്ത്

23) Thomas H. O 'Dea, The Sociology of Religion, New Jersey, Prentice-Hall, Inc. 1969, p. 101



www.malankaralibrary.com

# പ്രബോധനരേഖ-ഒരവലോകനം

വിമോചന ദൈവശാസ്ത്രം എന്നപേരിൽ പരക്കെ അറിയപ്പെടുന്ന ആശയ സംഹിതയിലെ ഗുരുതരമായ തെററുകൾ ചൂണ്ടിക്കാണിക്കുന്ന ഒരു ബോധന രേഖ കഴിഞ്ഞ സെപ്ററംബർ 3—ാം തീയതി വത്തിക്കാനിൽനിന്നു പുറത്തുവന്നു. ലോകപത്രങ്ങൾ വളരെ പ്രാധാന്യം നല്കി പ്രസിദ്ധീകരിച്ച ഒരു വാർത്തയായിരുന്നു അതു്. ലണ്ടനിലെ "ടൈംസ്"എന്ന പ്രശസ്തപത്രം ഒരാഴ്ചക്കുള്ളിൽ അതിനെപ്പററി രണ്ടു മുഖപ്രസംഗങ്ങൾ എഴുതി. "ദൈവശാസ്ത്രപരമായ പ്രേമചാപല്യപ്രകടനം" (Theological Flirting) എന്ന ശീർഷകത്തിൽ സെപ്ററമ്പർ നാലാം തീയതി പ്രസിദ്ധീകരിച്ച ദീർഘമായ മുഖ പ്രസംഗത്തിലെ ഏതാനും വരികൾ ഉദ്ധരിച്ചു കൊള്ളട്ടെ: "തെക്കെ അമേരിക്കൻ ദൈവശാസ്ത്രത്തിലെ മുഖ്യമായ പ്രവണതകളെപ്പററി വത്തിക്കാൻ പറയുന്ന കാര്യങ്ങൾ കുറെയെങ്കിലും ശരിയാണെങ്കിൽ അതു ഭയാശങ്കകൾക്കു വക നല്കുന്നുണ്ടു്. ക്രിസ്തുമതത്തിലെ ഓരോ ഘടകത്തേയും ക്രൈസ്തവേതരവും മതവിരുദ്ധവുമായ ഒരു പ്രത്യയശാസ്ത്രത്തിൻെറ — വൈരുദ്ധ്യാത്മ ഭൗതികവാദത്തിൻെറ — സർവ്വാതിശായിയായ വിധിനിഷേധങ്ങൾക്കു വിധേയമാക്കണം എന്നു വന്നാൽ പിന്നെ എങ്ങനെ അതു ക്രിസ്തുമതമായിരിക്കും?"

സെപ്ററംബർ 10—ന് എഴുതിയ മുഖപ്രസംഗത്തിൽ വിമോചനദൈവശാസ്ത്രത്തിനു മാർക്സിസ്റ്റു് അപഗ്രഥനവുമായുള്ള ബന്ധം പരാമർശിക്കപ്പെട്ടു. ക്രൈസ്തവവിശ്വാസത്തിൻെറ നഷ്ടംവരെ അതു് ചെന്നെത്തുമെന്നുള്ള വാദത്തെ "ടൈംസ്" ചോദ്യം ചെയ്യുന്നു. "പക്ഷേ. വിപ്ലവാത്മകമായ അക്രമപ്രയോഗത്തിലൂടെ നീതി വരുത്താമെന്ന മാർക്സിസ്റ്റു് സിദ്ധാന്തം സ്വീകരിക്കുന്നവർ ആ വഴിയിൽപ്പെട്ടുപോയ കോടിക്കണക്കിനു മനുഷ്യരുടെ എല്ലാ സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തിയ നാസ്തിക സ്വേഛാധിപത്യങ്ങളുടെ" അനുഭവകഥ ഓർത്തിരിക്കണം എന്ന വത്തിക്കാൻ വാദഗതിയോടു് പത്രം പൂർണ്ണമായി യോജിക്കുന്നു. ടൈംസ് എഴുതി: "ഇതു് ദൈവശാസ്ത്രപരമായ ഒരു വിധി തീർപ്പല്ല, ഒരു രാഷ്ട്രീയ വസ്തുതയുടെ നിരീക്ഷണമാണു്. ആരുടെ താല്പര്യസംരക്ഷകരായി അവർ (വിമോചന ദൈവശാസ്ത്രകാരന്മാർ) നിലകൊള്ളുന്നുവോ



www.malankaralibrary.com

ആ പാവപ്പെട്ടവരെയും തങ്ങളെത്തന്നെയും അപകടത്തിലാക്കി ക്കൊണ്ടല്ലാതെ ഈ വാദഗതിയെ അവഗണിക്കാനാവില്ല. ഇക്കാര്യം വിമോചന ദൈവശാസ്ത്രത്തിന്റെ പ്രയോക്താക്കൾ അറിഞ്ഞിരിക്കുന്നതു് നന്നു്''.

വിവിധ ഭാഷകളിലുള്ള മററു പ്രമുഖപത്രങ്ങളും ഈ പ്രബോധനരേഖയെപ്പററി വിശദമായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. തുടർന്നു വായനക്കാരുടെ പംക്തികളിൽ അനേകനാളത്തേക്കു ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. ഇംഗ്ലണ്ടിലെ അല്മായർ നടത്തുന്ന 'Tablet' എന്ന കത്തോലിക്കാവാരികയുടെ വിലയിരുത്തലിൽ, ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഭരണകാലത്തെ ഏററവും പ്രധാനപ്പെട്ട ഔദ്യോഗിക പ്രഖ്യാപനങ്ങളിൽ ഒന്നായി അതിനെ ഭാവി ചരിത്രകാരന്മാർ പരിഗണിക്കുമെന്നു് (Sept. 8) എടുത്തു പറയുന്നുണ്ടു്.

## ദുഷ്കരവും ലോലവുമായ കൃത്യം

വിമോചന ദൈവശാസ്ത്രത്തെപ്പററി വിമർശനാത്മകമായി എന്തെങ്കിലും പറയുക ദുഷ്കരവും ലോലവുമായ കാര്യമാണു്. വിഷയം അതിസങ്കീർണ്ണമാണെന്ന കാർഡിനൽ റാററ്സിങ്കർ തന്നെ എടുത്തു പറയുന്നു. അതിലടങ്ങിയിട്ടുള്ള ചിന്താപരമായ ഘടകങ്ങളിൽ പലതും പ്രഥമദൃഷ്ടിയിൽ ആദരണീയങ്ങളാണു്. ഒപ്പം, പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളും ഉള്ളതായി സൂക്ഷ്മ പരിശോധനയിൽ കാണാം. അത്തരം ഘടകങ്ങളെ ഏകീകൃതവും യുക്തിസഹവുമായ ഒരു ദർശനസമുച്ചയമാക്കിയെടുക്കാൻ തങ്ങൾക്കു സാധിച്ചിട്ടുണ്ടെന്നാണു് തദ്പ്രണേതാക്കളുടെ വാദം. ''വസ്തുതകളെ'' പ്രസ്പഷ്ടവും പരസ്പരബദ്ധവുമായ യുക്തി ചിന്തയിലൂടെ അപഗ്രഥിച്ചു്, വിലയിരുത്തി, രൂപപ്പെടുത്തിയെടുത്ത ആശയപദ്ധതിയാണതെങ്കിൽ അതിനെ ലാഘവബുദ്ധിയോടെ നിരസിക്കാനാവില്ലല്ലോ.

വിമോചന ദൈവശാസ്ത്രം ഒന്നല്ല, പലതുണ്ടു്. ''വിമോചന ദൈവശാസ്ത്രങ്ങൾ'' എന്ന ബഹുവചന രൂപത്തിലാണു് വത്തിക്കാൻ അതിനെ പരാമർശിച്ചിട്ടുള്ളതു്. പാപത്തിൽ നിന്നും തജ്ജന്യമായ സാമൂഹിക തിന്മകളിൽ നിന്നുമുള്ള മോചനം എന്ന ആശയം ബൈബിളിലുടനീളം പ്രതിഫലിച്ചു കാണുന്ന ഒന്നാണു്. ഈ അർത്ഥ



www.malankaralibrary.com

ത്തിൽ ദൈവം മനുഷ്യന്റെ വിമോചകനാണ്. യേശുവിനെ 'രക്ഷകൻ' എന്നു വിശേഷിപ്പിക്കുന്നത് ഏതാദൃശമായൊരു മാനവ വിമോചന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നയാൾ എന്ന അർത്ഥത്തിലത്രെ. പക്ഷേ, അതു വെറും ഭൗതികമായ, സാമൂഹികസാമ്പത്തിക രംഗങ്ങളെ മാത്രം സ്പർശിക്കുന്ന ഒന്നല്ല. സ്ഥലകാല പരിമിതമായ ഭൗതിക വിമോചനമായി ക്രൈസ്തവദർശനത്തെ വ്യാഖ്യാനിക്കുന്നവർ–എല്ലാവരുമല്ല, ചിലരെങ്കിലും—വിമോചന ദൈവശാസ്ത്രകാരന്മാരുടെയിടയിൽ ഉണ്ടെന്നതു് നിസ്തർക്കമത്രെ. ക്രൈസ്തവദർശനം നീതി നിഷ്ഠമായ ഭൗതിക പറുദീസയുടെ സംസ്ഥാപനമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അതും, ഭൗതിക ലക്ഷ്യത്തിനുവേണ്ടിമാത്രം നിലകൊള്ളുന്ന മാർക്സിസവും തമ്മിലുള്ള അന്തരം അവ്യക്തമാകുന്നു, രണ്ടിനേയും തമ്മിൽ വേർതിരിക്കുന്ന അതിർവരമ്പുകൾ അപ്രത്യക്ഷമാകുന്നു. മാർക്സല്ല, ക്രിസ്തുവാണു തങ്ങളുടെ പ്രചോദന പ്രഭവം (Source of inspiration) എന്നു് അവർ പറയാറുണ്ട്. അതേ സമയം, ക്രിസ്തുവിന്റെ, പ്രബോധനങ്ങളെയെല്ലാം ഭൗതിക പറുദീസയുടെ സംസ്ഥാപനത്തിനായുള്ള ആഹ്വാനമായി വെട്ടിച്ചുരുക്കുന്നു. ഇതിനെയാണ് reductionism എന്നു വത്തിക്കാൻ രേഖ വിശേഷിപ്പിക്കുന്നതു്. "ക്രൈസ്തവവിശ്വാസത്തിന്റെ മുഴുവനും വ്യഭിചരണം അഥവാ ധ്വംസനം" (Perversion) എന്നു പ്രബോധന രേഖ എടുത്തു പറയുന്ന ചിന്താപദ്ധതിയും പ്രവർത്തനപരിപാടിയുമാണതു്.

വിശ്വാസത്തിന്റെ മൗലിക സത്യങ്ങളെ അവഗണിക്കുകയോ പാർശ്വവത്കരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന ഒരു പ്രസ്ഥാനമായിട്ടത്രെ വിമോചന ദൈവശാസ്ത്രം ഇവിടെ പരാമൃഷ്ടമായിട്ടുള്ളതു്. ഏതു വിമോചനദൈവശാസ്ത്രകാരൻ, എവിടെ വെച്ചു്, ഏതു് വിശ്വാസസത്യം നിഷേധിച്ചു, അഥവാ പാർശ്വവൽക്കരിച്ചു എന്നു രേഖയിൽ എടുത്തു പറയുന്നില്ല. അങ്ങനെ പറയാതിരിക്കാൻ മതിയായ കാരണങ്ങളുമുണ്ട്.

## സഭക്കുള്ളിൽ പിളർപ്പുണ്ടാക്കാൻ ശ്രമം

ചുരുക്കിപ്പറഞ്ഞാൽ, തങ്ങൾ യേശുക്രിസ്തുവിന്റെ കല്പനയും മാതൃകയും അനുസരിച്ചു് പാവപ്പെട്ടവരുടെ മോചനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ചവരാണെന്ന അവകാശവാദം ഒരുവശത്തു്. ഈ അവകാശവാദത്തിന്റെ മറവിൽ ക്രൈസ്തവവിശ്വാസം



www.malankaralibrary.com

തന്നെ ധ്വംസിക്കപ്പെടുകയൊ പുറന്തള്ളപ്പെടുകയൊ സമഗ്രാധിപത്യപരമായ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ഉപകരണമാക്കപ്പെടുകയൊ ആണെന്ന, സഭാനേതൃത്വത്തിൻെറ ആധികാരികമായ പ്രബോധനം മറുവശത്ത്. ഈ രംഗം നിരീക്ഷിക്കുന്ന കത്തോലിക്കർ എന്തു ചെയ്യണം? വിമോചന ദൈവശാസ്ത്രകാരന്മാരുടെ അവകാശവാദങ്ങൾ അതേപടി സ്വാംശീകരിക്കണമൊ? അതോ ഇത്തരം പ്രതിസന്ധികളിൽ വിശ്വാസത്തിൻെറ ഉള്ളടക്കം തന്നെ വിവാദ വിഷയമാകുമ്പോൾ, സഭയ്ക്കു യേശു നല്കിയിട്ടുള്ള സംവിധാനങ്ങളോടും മാർപ്പാപ്പയോടും വിശ്വസ്തത പുലർത്തണമോ? അതുമല്ലെങ്കിൽ തർക്കത്തിൽനിന്നു ഒഴിഞ്ഞുമാറി ബുദ്ധിപരമായ ഒരുതരം നിർലോപതയിൽ അഭയം തേടണമോ? പ്രശ്നത്തെ അതിൻെറ തനിമയിൽ നിരീക്ഷിക്കുമ്പോൾ അവശ്യം നേരിടേണ്ടി വരുന്ന ചോദ്യങ്ങളാണിവ. ഇവയോടെല്ലാം ബന്ധപ്പെട്ട്, വിവിധ നിലപാടുകൾ സ്വീകരിക്കുകയും അവയെ ന്യായീകരിക്കാൻ യത്നിക്കുകയും ചെയ്യുന്ന വ്യക്തികളുണ്ട്. അവരാകട്ടെ, അജ്ഞാത നാമാക്കളോ അപരിചിതരോ അല്ല. ഒരേസഭയുടെ അംഗങ്ങളായി, ഒരേ വിശ്വാസത്തിൽ പങ്കുചേരുന്നവരായി, ഒരേ സന്യാസ സമൂഹത്തിലെ സഹോദരരായി ഒരേ മേൽക്കൂരയ്ക്കു താഴെ പാർക്കുന്നവരായി, ഒരേ അൾത്താരയുടെ മുമ്പിൽ ഒരുമിച്ചു സ്നേഹത്തിൻെറയും ഐക്യത്തിൻെറയും ജൈവപ്രതീകമായ ദിവ്യബലി അർപ്പിക്കുന്നവരായി, അറിയപ്പെടുന്ന വ്യക്തികൾ തമ്മിൽ മൗലികമായ വിശ്വാസത്തിൻെറ തലത്തിൽ വളർന്നു വരുന്ന രൂക്ഷമായ അന്തരത്തിൻെറ സംഘർഷവും ദുഃഖവും നാടകീയതയും ഇവിടെയുണ്ട്. നിരീക്ഷകൻെറ മനോദർപ്പണത്തിൽ ഇടവിട്ടിടവിട്ട് അവ മിന്നിത്തെളിയുകയും മങ്ങിമറയുകയും വീണ്ടും മിന്നിത്തെളിയുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

## ഉദ്ദേശ്യം ഉൽകൃഷ്ടം തന്നെ

വിമോചനദൈവശാസ്ത്രത്തിൻെറ പേരിൽ പ്രചരിക്കുന്ന ആശയങ്ങൾ പലതും ക്രൈസ്തവവിശ്വാസത്തിനു നിരക്കാത്തതാണെന്നിരിക്കിലും അവയുടെ പ്രചാരകരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാനാവില്ല. അവരിൽ പലരും പാവപ്പെട്ടവരോടുള്ള സ്നേഹത്താൽ പ്രചോദിതരായിട്ടാണ് നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനു (Struggle for justice) ഇറങ്ങിയിരിക്കുന്നത്. അക്ഷരാർത്ഥത്തിൽ തങ്കപ്പെട്ട മനുഷ്യർ. അവർ ദൈവശാസ്ത്രമേഖലയിൽ പുലർ



www.malankaralibrary.com

ളുന്ന ആശയങ്ങളേയും, സഭാനേതൃത്വത്തോടു് സ്വീകരിക്കുന്ന നിലപാടുകളെയും വിമർശിക്കേണ്ടിവരുമ്പോഴും അവരുടെ ഉദ്ദേശശുദ്ധിയും ആത്മാർത്ഥതയും ആദരവർഹിക്കുന്നു.

## വിമോചനം ക്രൈസ്തവദർശനത്തിൽ

വിശ്വാസത്തിനുവേണ്ടിയുള്ള തിരുസംഘത്തിന്റെ പ്രബോധനരേഖ വിമോചന ദൈവശാസ്ത്രത്തെ ഒന്നടങ്കം അപലപിച്ചിട്ടില്ല. നേരെമറിച്ച്, യേശുവിന്റെ സുവിശേഷം സ്വാതന്ത്ര്യത്തിന്റെ സന്ദേശവും വിമോചനത്തിനായുള്ള ശക്തിയുമാണെന്ന പ്രസ്താവനയോടെയാണ് അതിന്റെ തുടക്കംതന്നെ. ക്രൈസ്തവ വിമോചനം പ്രഥമവും പ്രധാനവുമായി പാപത്തിന്റെ മൗലികമായ അടിമത്തത്തിൽ നിന്നുള്ളതാണെന്നും അതിന്റെ ലക്ഷ്യം ദൈവമക്കളുടെ സ്വാതന്ത്ര്യം എന്ന കൃപാവരമാണെന്നും തുടർന്നു പറയുന്നു. ആദ്ധ്യാത്മികവും പ്രകൃത്യതീതവുമായ ഈ വിമോചനത്തിന്റെ ഫലമായത്രെ സാംസ്കാരിക— സാമ്പത്തിക— സാമൂഹിക രാഷ്ട്രീയതലങ്ങളിലെ അടിമത്തങ്ങളിൽനിന്നുള്ള മോചനം. വ്യക്തിഗതമായ പാപത്തിന്റെ പരിണതഫലങ്ങളാണ് സാമൂഹ്യസാമ്പത്തിക—രാഷ്ട്രീയമണ്ഡലങ്ങളിലെ തിന്മകൾ. മൗലികമായ ഈ മുൻഗണന ക്രമത്തെ — മൂലകാരണമേതു്, ഭവിഷ്യത്തുകളേതു് എന്ന ക്രമത്തെ— വ്യക്തമായി വിവേചിച്ചറിയുക വിമോചനത്തെപ്പറ്റിയുള്ള ദൈവശാസ്ത്രവിചിന്തനത്തിനു അനുപേക്ഷണീയമത്രെ.

വിമോചനത്തെ അതിന്റെ സമഗ്രമായ രൂപത്തിൽ പ്രതിപാദിക്കാൻ വത്തിക്കാൻ രേഖ ഉദ്ദേശിച്ചിട്ടില്ല. സഭയുടെ വിശ്വാസസത്യങ്ങളെയും ജീവിതത്തെയും ഗാഢമായി ബാധിക്കുന്ന ഈ വിഷയത്തെ കൂടുതൽ വിശദമായും സർഗ്ഗാത്മകമായും പ്രതിപാദിക്കുന്ന വേറൊരു പ്രബോധനരേഖ പ്രസിദ്ധീകരിക്കാൻ തിരുസംഘം ഉദ്ദേശിക്കുന്നുണ്ടെന്നു് അതിൽ എടുത്തു പറഞ്ഞിട്ടുണ്ടു്. അടുത്ത ജനുവരിയിൽ മാർപാപ്പ തെക്കേ അമേരിക്കയിലെ പെറു സന്ദർശിക്കുന്നതിനു മുമ്പുതന്നെ ഈ പുതിയ പ്രബോധനരേഖ പുറത്തു വരുമത്രെ. കഴിഞ്ഞ സെപ്ററംബർ അവസാനവാരത്തിൽ കാനഡ സന്ദർശിച്ചു റോമിലേക്കു മടങ്ങവേ മാർപാപ്പ പത്രലേഖകരോടു് വാഗ്ദാനംചെയ്ത സാമൂഹ്യവിഷയകമായ പ്രബോധനരേഖ ഇതുതന്നെയായിരിക്കുമെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു [Tablet 6th Oct. 1984].



www.malankaralibrary.com

## ദൈവശാസ്ത്രവും കേരളകത്തോലിക്കരും

വിമോചനദൈവശാസ്ത്രത്തിലെ ചില വശങ്ങളെ അതിനിശിതമായി വിമർശിച്ചുകൊണ്ട് വത്തിക്കാൻ ഈയിടെ പുറപ്പെടുവിച്ച പ്രബോധനരേഖയുടെ (instruction) അർത്ഥവും പ്രസക്തിയും മനസ്സിലാക്കുവാൻ വിമോചനദൈവശാസ്ത്രം എന്തെന്ന് അറിയേണ്ടതുണ്ട്. കേരളത്തിലെ കത്തോലിക്കർക്കു ദൈവശാസ്ത്രത്തോടു പൊതുവെയുള്ള വിമുഖത മൂലമാകാം സാധാരണ ജനങ്ങളുടെയിടയിൽ വിമോചനദൈവശാസ്ത്രം ഇന്നു വേണ്ടത്ര അറിയപ്പെടാത്ത ഒരു വിഷയമാണ്. കേരളത്തിലെ ശരാശരി കത്തോലിക്കാ ബുദ്ധിജീവി ഈ വിഷയത്തെപ്പററി കേൾക്കുന്നതിനു എത്രയോ മുമ്പ് ഇവിടത്തെ ശരാശരി കമ്മ്യൂണിസ്റ്റുകാരൻ ഇതിനെപ്പററി എഴുതാനും ക്രൈസ്തവവേദികളിൽ പ്രസംഗിക്കാനും തുടങ്ങിക്കഴിഞ്ഞിരുന്നു. ഈ എൺപതുകളുടെ ആരംഭത്തിൽ എത്രയോ പ്രാവശ്യം പി. ഗോവിന്ദപിള്ളയും സി. അച്ചുതമേനോനും മററു സഹയാത്രികരും വിമോചനദൈവശാസ്ത്രത്തിന്റെ അത്ഭുതപൂർവ്വമായ മേന്മകളെ പ്രകീർത്തിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. മാർക്സിസ്റ്റുക്രൈസ്തവ സംവാദം എന്നപേരിൽ ഇവിടത്തെ ചില വൈദികർ മുൻകൈ എടുത്തു സംഘടിപ്പിക്കാറുള്ള ചർച്ചാവേദികളിൽ വിമോചനദൈവശാസ്ത്രം ഇരുകൂട്ടരുടെയും കണ്ണിലെ കൃഷ്ണമണിയാണിന്നും.

## മാർക്സിസം—ഒരു മതവിരുദ്ധ സിദ്ധാന്തം

വേണ്ടത്ര വിമർശനാത്മകമല്ലാത്ത രീതിയിൽ മാർക്സിസ്റ്റാശയങ്ങൾ സ്വാംശീകരിക്കുകമൂലം വിമോചന ദൈവശാസ്ത്രത്തിനു വന്നു പോയിട്ടുള്ള പാളിച്ചകൾക്കെതിരെ കത്തോലിക്കാ വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുക എന്നതത്രെ പ്രബോധനരേഖയുടെ പ്രഖ്യാപിതലക്ഷ്യം. "മനുഷ്യന്റെ വ്യക്തിത്വം, സ്വാതന്ത്ര്യം, അവകാശങ്ങൾ എന്നിവയുടെ നിഷേധവും നിരീശ്വരത്വവും മാർക്സിസത്തിന്റെ അന്തസ്സത്തയാണെന്ന കാര്യം ഓർക്കണം" പ്രഖ്യാപനം പറയുന്നു: "മനുഷ്യവ്യക്തിയുടെ നിത്യനിയതിയെപ്പററിയുള്ള വിശ്വാസസത്യങ്ങളെ പ്രത്യക്ഷത്തിൽ ഭീഷണിപ്പെടുത്തുന്ന തെററുകൾ ആ സിദ്ധാന്തത്തിലുണ്ട്."

ആത്മാവും ശരീരവുമുള്ള സമഗ്രസത്തയാണു മനുഷ്യൻ. ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങൾ അവനുണ്ട്. ജീവിതത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വശങ്ങളിൽമാത്രം



www.malankaralibrary.com

ശ്രദ്ധ കേന്ദ്രീകരിക്കുന്ന മാർക്സിസത്തിന്റെ പരിപ്രേക്ഷ്യം സങ്കുചിതവും വികലവുമത്രെ. അതിനെ ദൈവശാസ്ത്രത്തിലേക്ക് ആവഹിക്കാൻ ശ്രമിക്കുന്ന ക്രൈസ്തവചിന്തകർ വിമോചനത്തെ വെറും ഭൗമികവും താല്ക്കാലികവുമായ അടിമത്തത്തിൽ നിന്നുള്ള മോചനമായി ചിത്രീകരിക്കാൻ പ്രലോഭിതനാകുന്നു. നിരീശ്വരത്വത്തെ പുറന്തള്ളിയശേഷം മാത്രമാണ് തങ്ങൾ മാർക്സിസ്റ്റ് അപഗ്രഥനരീതി സ്വീകരിക്കുന്നത് എന്നത്രെ വിമോചന ദൈവശാസ്ത്രകാരന്മാർ പറയുന്നത്. മാർക്സിന്റെ സാമൂഹികാപഗ്രഥനരീതി അത്യന്തം ശാസ്ത്രീയമാണെന്നും അക്കാരണത്താലാണു തങ്ങൾ അത് സ്വീകരിക്കുന്നതെന്നും അവർ വാദിക്കുന്നു.

## പ്രത്യയശാസ്ത്രത്തിന്റെ അതിപ്രസരം

നിരീക്ഷണവും അപഗ്രഥനവുംവഴി സംഭരിച്ചെടുക്കുന്ന വിവരങ്ങളെയെല്ലാം ഉരുക്കി ഒരു സവിശേഷപ്രത്യയശാസ്ത്രത്തിന്റെ അച്ചിൽ ഒഴിച്ച് രൂപപ്പെടുത്തിയെടുക്കുന്ന ദർശനമാണ് മാർക്സിസം. വസ്തുതകൾക്കു നൽകേണ്ട അർത്ഥവും പ്രാധാന്യവും എന്തെന്ന് പ്രസ്തുതദർശനത്തിന്റെ വെളിച്ചത്തിൽ മുൻകൂട്ടി നിർണ്ണയിക്കപ്പെടുന്നു. സമൂഹമദ്ധ്യത്തിലെ ദാരിദ്ര്യം, അഴിമതി, ചൂഷണം, സമ്പദ്‌വ്യവസ്ഥ തുടങ്ങിയവയെപ്പററിയുള്ള പഠനത്തിനു മാർഗ്ഗനിർദ്ദേശം നൽകുന്നത് വസ്തുനിഷ്ഠമായ പരിഗണനകളേക്കാളേറെ പ്രത്യയശാസ്ത്രപരമായ വിധി നിഷേധങ്ങളത്രെ. തന്നിമിത്തം പ്രത്യയശാസ്ത്രത്തിന്റെ ഉരുക്കുമുഷ്ടികളിൽ നിന്നു യാഥാർത്ഥ്യത്തിന്റെ ഏതെങ്കിലും അംശം അടർത്തിയെടുക്കുക അസാധ്യമായിത്തീരുന്നു. വത്തിക്കാൻ രേഖയുടെ വാക്കുകളിൽ പറഞ്ഞാൽ, "സാമൂഹ്യാപഗ്രഥനംപോലുള്ള ഒരു ഘടകത്തെ അടർത്തിയെടുക്കാൻ ശ്രമിക്കുന്ന ആരും പ്രത്യയശാസ്ത്രത്തെ മുഴുവനും സ്വീകരിക്കാൻ നിർബന്ധിതനാകുന്നു. അക്കാരണത്താലാണ് വിമോചന ദൈവശാസ്ത്രകാരന്മാർ മാർക്സിസത്തിൽനിന്നു കടമെടുക്കുന്ന സാധനങ്ങളിൽ പ്രത്യയശാസ്ത്രം മുഴച്ചുനില്ക്കുന്നത്."

## മാർക്സിസം ശാസ്ത്രീയമല്ല

മാർക്സിസ്റ്റ് അപഗ്രഥനത്തെ സംബന്ധിക്കുന്ന ശ്രദ്ധേയമായ ഒരു സവിശേഷത അതു ശാസ്ത്രീയമല്ല എന്നതത്രെ. എന്നാൽ "ശാസ്ത്രീയം" എന്ന വിശേഷണം ചേർത്തു മാത്രമേ മാർക്സിസ്റ്റനുഭാവികൾ



www.malankaralibrary.com

അതിനെ പരാമർശിക്കാറുള്ളു. സാമൂഹിക ശാസ്ത്രങ്ങളുടെ മേഖലയിൽ പല കാഴ്ചപ്പാടുകളും പല സിദ്ധാന്തങ്ങളും നിലവിലുണ്ട്. ഓരോന്നിനും അതാതിന്റേതായ ന്യായങ്ങളും പറയാൻ കാണും. ഏതെങ്കിലും ഒരൊററ സിദ്ധാന്തത്തിൽ തളച്ചിടാനാവാത്തവിധം വ്യാപകവും സങ്കീർണ്ണവും വൈവിധ്യമാർന്നതുമാണ് മാനുഷിക യാഥാർത്ഥ്യം. മാർക്സിസം പക്ഷേ, എല്ലാ വസ്തുതകളേയും സവിശ്ലേഷകമായ ഒരു പ്രത്യയ ശാസ്ത്രത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ ഒതുക്കാൻ ശ്രമിക്കുന്നു. സാമൂഹിക യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി പഠിക്കുന്നതിനു മുമ്പ് പ്രത്യയശാസ്ത്രം രംഗത്തു് വന്ന് അവയുടെ അർത്ഥവും പ്രാധാന്യവും നിർണ്ണയിക്കുന്നു. ഇതിനെ ഒരിക്കലും ശാസ്ത്രീയ രീതിയായി അംഗീകരിക്കാനാവില്ല:

"സാമൂഹികാപഗ്രഥനവും മാർക്സിസവും തമ്മിലുള്ള നാഭീനാള ബന്ധം കണക്കിലെടുക്കാതെ വർഗ്ഗസമര സിദ്ധാന്തത്തിന്റെ പ്രയോക്താക്കളായിത്തീരുന്നവർ, ആ വഴി ചെന്നവസാനിക്കുന്നതു് ഏതുതരം സമഗ്രാധിപത്യത്തിലാണെന്ന് ഓർത്തിരിക്കണം—ഏതാനും കൊല്ലം മുമ്പ് മാർക്സിസത്തെ പരാമർശിച്ചുകൊണ്ടു് പോൾ ആറാമൻ മാർപാപ്പ നൽകിയ ഈ മുന്നറിയിപ്പ് തിരുസംഘം ഉദ്ധരിക്കുന്നു.

മററ് വിജ്ഞാന ശാഖകളിലെ ആശയങ്ങൾ ദൈവശാസ്ത്രത്തിലേക്ക് കടമെടുക്കുന്നതിനു മുമ്പ് അവ നിഷ്കൃഷ്ടമായ വിമർശനത്തിനു വിധേയമാകണം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ മനുഷ്യാസ്തിത്വത്തിന്റെ അന്തിമമായ അർത്ഥവും നിയതിയും മനസ്സിലാക്കാനാവൂ.

## വിപ്ലവങ്ങളുടെ ചരിത്രപാഠം

തെക്കെ അമേരിക്കൻ രാജ്യങ്ങളിലെ വ്യാപകമായ ദാരിദ്ര്യത്തിന്റെ കാരണങ്ങൾ പലതാണ്. നിയമരഹിതമായ പട്ടാളഭരണം, ഉദ്യോഗസ്ഥമണ്ഡലത്തിലെ അഴിമതി, വിദേശകമ്പനികളുടെ ഹീനമായ ലാഭേഛ ഇത്യാദി ഒട്ടേറെ ഘടകങ്ങൾ ചേർന്നുണ്ടായ ദുസ്ഥിതിയാണതു്. സ്വാർത്ഥതല്പരരായ ചൂഷകർ വരുത്തിവെച്ച ദുരന്തമായി ജനങ്ങൾ അതിനെ കാണുന്നു. കലാപങ്ങളിലൂടെ നീതി നേടിയെടുക്കാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ, വിപ്ലവം സാമൂഹികനീതി കൈവരുത്തുന്നില്ല. പകരം എല്ലാ മാനുഷികാവകാശങ്ങളും ചവിട്ടിമെതിക്കുന്ന ഒരുപററം കലാപകാ



www.malankaralibrary.com

രികളുടെ പിടിയിൽ ഭരണം ശാശ്വതമായി ഉറയ്ക്കുന്നു. റഷ്യയിലേയും ചൈനയിലേയും പോളണ്ടുപോലുള്ള മററനവധി സോഷ്യലിസ്റ്റ് രാജ്യങ്ങളിലേയും വിപ്ലവകാരികൾ ജനങ്ങൾക്ക് നേടിക്കൊടുത്ത വിമോചനം മറെറാന്നല്ലെന്ന് ഖത്തിക്കാൻെറ പ്രബോധനരേഖ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

വിമോചനദൈവശാസ്ത്രകാരന്മാർ മാർക്സിസത്തിൽനിന്നു കടമെടുക്കുന്ന ഘടകങ്ങൾ അവരുടെ ചിന്തയേയും നിഗമനങ്ങളേയും വികലമാക്കുന്നുണ്ട്. മാർക്സിൻെറ സിദ്ധാന്തപ്രകാരം അപഗ്രഥനം നിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്. അപഗ്രഥനവും വിമർശനവുമൊക്കെ വിപ്ലവമാർഗ്ഗത്തിലെ വിവിധ കാൽവെയ്പുകളും, തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രപരമായ ദൗത്യമാണ വിപ്ലവനിർവ്വഹണം.

## സത്യവും ധർമ്മവും ധ്വംസിക്കപ്പെടുന്നു

ഇവിടെ സത്യത്തെപ്പററിയുള്ള സങ്കല്പംതന്നെ പൂർണ്ണമായും ധ്വംസിക്കപ്പെടുന്നു. വർഗ്ഗസമരത്തിലല്ലാതെ സത്യമില്ലെന്നാണ് വെപ്പ്. സത്യത്തോടൊപ്പം ധർമ്മവും വ്യഭിചരിക്കപ്പെടുന്നു. വർഗ്ഗസമരത്തിൻെറ ഉപാധിയാണ് ആദർശവൽകൃതമായ അക്രമം. ചൂഷകരും ചൂഷിതരും തമ്മിലുള്ള സംഘർഷം എന്ന ആശയത്തിൻെറ വ്യാപ്തിയിലേക്ക് ജീവിതത്തിൻെറ എല്ലാ തുറകളും ആവഹിക്കപ്പെടുന്നു. സാമ്പത്തികമാകട്ടേ, സംസ്കാരികമാകട്ടേ, ധാർമ്മികമാകട്ടേ, മതപരമാകട്ടേ, എന്തു പ്രശ്നം പൊങ്ങിവന്നാലും അതിനെ വർഗ്ഗസമരവുമായി ബന്ധപ്പെടുത്തിയേ മാർക്സിസ്റ്റ്കൾ കാണുകയുള്ളു. മറെറാരു പരിഗണനയും സാധുവല്ല. ധാർമ്മികതപ്പ് വർഗ്ഗസങ്കല്പനിരപേക്ഷമായ മാനദണ്ഡം ഉണ്ടെന്നു അവർ സമ്മതിക്കയില്ല. മർദ്ദിതവർഗ്ഗത്തെ മോചിപ്പിക്കാനുതകുന്നതെല്ലാം—അതു അക്രമമായാലും ശരി വഞ്ചനയായാലും ശരി—നന്മ തന്നെ!

''അസത്യം, ചതി, തീ വെപ്പും,
കൊള്ള, വഞ്ചന, ചോരണം,
ചാരവൃത്തി, വധം പോലും
പാവനം ജനസേവനം''

കാൽ നൂററാണ്ട്മുമ്പ് മാർക്സിസത്തോട് വിടപറഞ്ഞുകൊണ്ട് അക്കിത്തം എഴുതിയ ഈ വരികൾ ഇന്നും ചിലർക്ക് വിശ്വാസപ്രമാണമാണ്. മത്സ്യത്തൊഴിലാളിസമരം അക്രമപ്രസക്തമായി



www.malankaralibrary.com

മാറിയ സന്ദർഭങ്ങളെ ന്യായീകരിച്ചുകൊണ്ടു് കേരളത്തിലെ വിമോചനദൈവശാസ്ത്രകാരന്മാർ നടത്തിയ പ്രസ്താവനകളിൽ നിറഞ്ഞു നില്ക്കുന്ന ചേതോവികാരം ഇതുതന്നെ.

തിരുസംഘത്തിന്റെ പ്രബോധനരേഖ പറയുന്നു: ''മാർക്സിസത്തിൽനിന്നു കടമെടുക്കുന്ന സിദ്ധാന്തങ്ങൾമൂലം ധാർമ്മികതയുടെ സ്വഭാവംതന്നെ ചോദ്യം ചെയ്യപ്പെടുന്നു. നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസത്തിന്റെ അധിഭൗതികമായ മാനത്തെയാണു് വർഗ്ഗസമരസിദ്ധാന്തം ഫലത്തിൽ നിഷേധിക്കുന്നതു്'' [8/9].

## ക്രൈസ്തവവിശ്വാസത്തിന്റെ വ്യഭിചരണം

വിമോചനദൈവശാസ്ത്രകാരന്മാരിൽ ചിലരുടെ കൃതികളിൽ ഇപ്പറഞ്ഞ നിലപാടുകളും മനോഭാവങ്ങളും വ്യക്തമായി പ്രതിഫലിക്കുന്നുണ്ടു്. മററു് ചിലർ ഇതൊക്കെ പരോക്ഷമായി പറഞ്ഞുവെയ്ക്കുന്നു. പള്ളികളിലെ ആരാധനകളിലേക്കു്പോലും വർഗ്ഗസമരത്തെ പറിച്ചു് നടാൻ മടിക്കാത്തവരുണ്ടു്. എല്ലാംകൂടി ചേരുമ്പോൾ ഇതൊരു പുതിയ പ്രവണതയും പുതിയ സിദ്ധാന്തവുമാണെന്നു പറയേണ്ടിയിരിക്കുന്നു.

''ദൈവം തന്റെ സഭയെ ഭരമേല്പിച്ച ക്രൈസ്തവവിശ്വാസത്തിന്റെ വ്യഭിചരണമാണതു്. വിമോചനദൈവശാസ്ത്രങ്ങൾ മൗലികമായി ചോദ്യം ചെയ്യുന്നതു് ക്രൈസ്തവസന്ദേശം മുഴുവനേയുമത്രെ'' (9/1) തിരുസംഘം എഴുതുന്നു.

## പ്രത്യയശാസ്ത്രം എന്ന വർണ്ണക്കണ്ണട

മാർക്സിസ്റ്റ് സാമൂഹികവിശകലനത്തിലെ വർഗ്ഗസമരസിദ്ധാന്തം സ്വാംശീകരിക്കുന്നവർക്കു് ആ പ്രത്യയശാസ്ത്രത്തിന്റെ വർണ്ണക്കണ്ണടയിലൂടെ മാത്രമേ കാര്യങ്ങൾ കാണാൻ കഴിയൂ. തങ്ങൾ സ്വീകരിക്കുന്ന നയങ്ങളോടോ സമരമുറകളോടൊ വിയോജിക്കുന്നവരെ അവർ വർഗ്ഗശത്രുക്കളായി കാണുന്നു. സാമാന്യബുദ്ധിയുടെയും ധാർമ്മികതയുടേയും പരിഗണനകൾ വെച്ചു് മത്സ്യത്തൊഴിലാളി സമരത്തിന്റെ വിവേകശൂന്യമായ പോക്കിൽ ഉൽക്കണ്ഠ രേഖപ്പെടുത്തിയ മെത്രാന്മാരെ സമ്പന്നവർഗ്ഗത്തിന്റെ കൂട്ടാളികളും പാവപ്പെട്ടവരുടെ ശത്രുക്കളുമായി ചിത്രീകരിക്കാൻ അവർ മടിച്ചില്ല.

''റബർമുതലാളിമാർക്കും കർഷകഭൂവുടമകൾക്കും പി. എസ്. സി പദവും മന്ത്രിപദവുമൊക്കെ പ്രശ്നമാവുന്ന ഒരു രാഷ്ട്രീയസാഹചര്യത്തിൽ പുറന്തള്ളപ്പെട്ടുനിന്ന മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ കച്ചവടം നടത്തി സ്ഥാപനകർത്താ



www.malankaralibrary.com

ക്കളായി വാണിരുന്ന പൊന്നുതിരുമേനിമാർ ഈ വിഭാഗങ്ങളുടെ വർഗ്ഗപരമായ ആവശ്യങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിച്ച ഒരു സന്ദർഭം പോലുമില്ല...... വർഗ്ഗപരമായ സാജാത്യം ഉപരിവർഗ്ഗത്തോടും ബന്ധപരമായ താദാത്മ്യം വലതു ഭരണപക്ഷത്തോടും ഉറപ്പാക്കിക്കൊണ്ട് മെത്രാന്മാർ ഈ ജന (തൊഴിലാളി) വിരുദ്ധത പറഞ്ഞുനിർത്തിയിടത്തു് അവരുടെ തന്ത്രവും പൊളിച്ച് കാട്ടേണ്ടതുണ്ടെന്നുതോന്നുന്നില്ല.'' (ഡൈനാമിക്ക് ആക്ഷൻ, ഒക്ടോബർ 1984).

മത്സ്യത്തൊഴിലാളി സമരത്തിന്റെ നേതൃസ്ഥാനത്തുനിന്ന ഒരു കത്തോലിക്ക വൈദികൻ മെത്രാന്മാരെ വിമർശിക്കുന്ന രീതിയാണിതു്. ആളിക്കത്തുന്ന രോഷത്തിന്റെ തീവ്രതമൂലം വാക്യങ്ങളുടെ ഘടനതന്നെ താറുമാറായി പോകുന്നുണ്ട്. മാർക്സിസ്റ്റ് മുദ്രാവാക്യങ്ങൾ കുറേനേരം ഉരുവിട്ടുകഴിയുമ്പോൾ ഒരു ക്രൈസ്തവവിശ്വാസിയുടെ വ്യക്തിത്വത്തിന്റെ കേന്ദ്രത്തിൽ സംഭവിക്കുന്ന ബുദ്ധിപരവും ധാർമ്മികവുമായ തകർച്ചയുടെ ഉദാഹരണം എന്നോണം ഇതു് പഠനാർഹമാണ്. ''സുവർണ്ണസിംഹാസനത്തിൽ ഉപവിഷ്ടനായി പരിചാരകരും അനുചരരും തുടങ്ങിയ മൗലിക സംവിധാനങ്ങളിലെ എല്ലാ രാഷ്ട്രദുരന്തതയുടേയും പ്രതിമാനമാണ് നൂററാണ്ടിലെ ഏററവും വലിയ ധനപരമായ വഞ്ചനയായ ഇററാലിയൻ ബാങ്കിന്റെ ഈ ഉടമ''.—വൈദികർ സാധാരണഗതിയിൽ സജീവരാഷ്ട്രീയത്തിൽനിന്ന അകന്നുനിന്ന് ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു് പഠിപ്പിച്ച ജോൺ പോൾ മാർപാപ്പയ്ക്കെതിരെ ആ വൈദികൻ പ്രസിദ്ധീകരിച്ച അഭിപ്രായമാണിതു്. ഇവിടെ പ്രതിപാദിക്കപ്പെടുന്ന ബാങ്കുടമ മാർപാപ്പ തന്നെ. പാവപ്പെട്ടവർക്കുവേണ്ടി ജീവിക്കുന്ന വിശുദ്ധ എന്നു് ലോകംമുഴുവനും ആദരിക്കുന്ന മദർതെരേസയെ സമ്പന്നവർഗ്ഗത്തിന്റെ പാദസേവികയായി ചിത്രീകരിക്കുന്ന പ്രസ്താവന, വേറൊരു സമരക്കാരിയുടേതായി പത്രങ്ങളിൽ വന്നിട്ട് അധികനാൾ ആയില്ലല്ലോ. ഇമ്മാതിരി പ്രസ്താവനകളുടെ ഒരു പ്രളയം തന്നെ കേരളത്തിലും ഡൽഹിയിലുമുള്ള വിമോചനദൈവശാസ്ത്രകാരന്മാരുടെ തൂലികകളിൽനിന്നു നമ്മുടെ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവന്നുകഴിഞ്ഞു.

വിശ്വാസികളുടെ സമൂഹമായ സഭയ്ക്കുള്ളിൽ മർദ്ദകരെന്നും മർദ്ദിതരെന്നും രണ്ടു് വിഭാഗങ്ങളെ വിഭാവനംചെയ്തു് അവർ തമ്മിൽ



www.malankaralibrary.com

പിളർപ്പുണ്ടാക്കുക എന്ന മാർക്സിസ്റ്റ് തന്ത്രം അവർ അതേപടി സ്വന്ത മാക്കുന്നു. സഭാംഗങ്ങൾക്കിടയിലെ ബന്ധമുൾപ്പെടേയുള്ള എല്ലാ കാര്യങ്ങളേയും നാലാംകിടരാഷ്ട്രീയക്കാരുടെ തീപ്പൊരിഭാഷയിലല്ലാതെ മിതമായോ സൗമ്യമായോ പ്രതിപാദിക്കുക അവർക്കു സാദ്ധ്യമല്ല. വർഗ്ഗസമരത്തിലെ പങ്കാളിത്തം ക്രൈസ്തവസ്നേഹത്തിൻെറ പ്രകടനമായി വ്യാഖ്യാനിക്കപ്പെടുന്നു. വർഗ്ഗ–വർണ്ണഭേദമെന്യേ എല്ലാ മനുഷ്യരെയും സഹോദരരെയെന്നോണം സ്നേഹിക്കണമെന്ന ക്രൈസ്തവപ്രബോധനത്തിനു കടകവിരുദ്ധമായ നിലപാടാണിതു്.

## മെത്രാൻമാർ ഒന്നടങ്കം വർഗ്ഗശത്രുക്കൾ

സഭയെ മർദ്ദിതരുടേയും ചൂഷിതരുടേയും കൂട്ടായ്മയായി വിഭാവനം ചെയ്യുന്ന വിമോചനദൈവശാസ്ത്രം "ബോധവൽക്കരണം" വഴി സംഘടിതമായ സമരത്തിനു ജനങ്ങളെ സജ്ജരാക്കുന്നു. ജനമാണു് വിശ്വാസത്തിൻെറ ഉള്ളടക്കം എന്നുപോലും പറയുന്നവരുണ്ടു്. സഭയെ ഇങ്ങനെ സത്യവിരുദ്ധമായ രീതിയിൽ ചിത്രീകരിച്ച ശേഷമാണു് സഭയ്ക്കുള്ളിലെ സംവിധാനങ്ങളെപ്പററിയുള്ള വിമർശനം ആരംഭിക്കുന്നതു്. മെത്രാന്മാരാണു് ഏററവും രൂക്ഷമായ വിമർശനത്തിനു വിധേയരാകുന്നവർ. ഏതെങ്കിലും ഒരു മെത്രാൻേറയോ ഏതാനും ചില മെത്രാന്മാരുടേയോ മാനുഷികമായ തെററുകുററങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ടുള്ള വിമർശനമാണെങ്കിൽ അതു മനസ്സിലാക്കാം. വിമോചനദൈവശാസ്ത്രകാരന്മാരുടെ വിമർശനം വേറൊരു തരത്തിലുള്ളതാണു്. യേശു സ്ഥാപിച്ച മെത്രാൻ സ്ഥാനത്തേയും സഭയുടെ ഭരണസംവിധാനം മുഴുവനേയുമാണു് അവർ ആക്രമിക്കുന്നതു്. മെത്രാന്മാരും സഭയുടെ പ്രബോധനാധികാരവും സമ്പന്നവർഗ്ഗത്തിൻെറ താല്പര്യസംരക്ഷകരായി ചിത്രീകരിക്കപ്പെടുന്നു. സഭയുടെ ഔദ്യോഗിക ദൈവശാസ്ത്രം മർദ്ദക—ചൂഷകവർഗ്ഗത്തിൻെറ ദൈവശാസ്ത്രമാണത്രെ. അതിലടങ്ങിയിട്ടുള്ള സാമൂഹികപ്രബോധനത്തോടു് തികഞ്ഞ അവജ്ഞയാണു് അവർക്കുള്ളതു്.

വിമോചനദൈവശാസ്ത്രത്തിലെ പാളിച്ചകൾ ഗുരുതരങ്ങൾ തന്നെ. അവയെ ശക്തമായ ഭാഷയിൽ സഭ അപലപിക്കുന്നുണ്ടു്. പക്ഷേ, അതു് സമ്പന്നരുടെ സ്വാർത്ഥലോലുപതയ്ക്കോ അത്യാഗ്രഹത്തിനോ നൽകുന്ന അംഗീകാരമല്ല. ക്രിസ്തു പഠിപ്പിച്ച കാരുണ്യ



www.malankaralibrary.com

ത്തിന്റെ സുവിശേഷം അനുസരിച്ച് മനുഷ്യരാശിയോടുള്ള സ്നേഹം സഭയുടെ മുഖമുദ്രയാണ്. നീതിയ്ക്കായുള്ള നിലവിളി സഭ കേൾക്കുന്നുണ്ട്. തന്റെ സകല ശക്തിയോടുംകൂടി അതിനു മറുപടി പറയാൻ ബാദ്ധ്യസ്ഥയുമാണ്. സഭയുടെ അംഗങ്ങളെല്ലാം—വൈദികരും സന്ന്യസ്തരും അല്മായരും—ദീർഘവീക്ഷണത്തോടും ത്യാഗസന്നദ്ധതയോടുംകൂടി പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്നു തിരുസംഘം ഉദ്ബോധിപ്പിക്കുന്നു. അർത്ഥവത്തായ സുവിശേഷവൽക്കരണത്തിന്റെ ഭാഗമാണത്. മെത്രാന്മാരോടും സാർവ്വത്രിക സഭയോടുമുള്ള ഐക്യത്തിൽ വേണം അതു നിർവ്വഹിക്കാൻ.

ഇക്കാര്യത്തിൽ ദൈവശാസ്ത്രത്തിനു അതിന്റേതായ പങ്കുണ്ട്. സഭയുടെ പ്രബോധനാധികാരത്തോട്—മാർപാപ്പയോടും മെത്രാന്മാരോടുമുള്ള—വിശ്വസ്തതയോടെ വേണം അതു ചെയ്യാൻ. "സഭയുടെ പ്രബോധനാധികാരത്തിൽ ക്രിസ്തു സഭയ്ക്കു നൽകിയ ദാനത്തെ കാണാൻ അവർക്കു കഴിയണം. (ലൂക്ക. 10:16) സഭാതീരുമാനങ്ങളേയും നിർദ്ദേശങ്ങളേയും പുത്രസദൃശമായ ആദരവോടെ സ്വാഗതം ചെയ്യുകയും വേണം"—തിരുസംഘം എഴുതുന്നു.

സുവിശേഷവൽക്കരണത്തെ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയാൽ മാത്രമെ മാനവവിമോചനത്തിന്റെ ആധികാരികമായ ആവശ്യങ്ങളെ ഗ്രഹിക്കാനാവൂ. അർത്ഥവത്തായ മാനവപുരോഗതിയുടെ ഒഴിച്ചു കൂടാനാവാത്ത അടിത്തറ സത്യമാണ്: രക്ഷകനായ യേശുവിനെപ്പററിയുള്ള സത്യം, സഭയെപ്പററിയുള്ള സത്യം, മനുഷ്യനേയും അവന്റെ അന്തസ്സിനേയും പററിയുള്ള സത്യം. (പോപ്പ് ജോൺപോൾ 1979 ൽ പുവേബ്ലയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)

ഹൃദയത്തിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാകുന്നു. യേശു പഠിപ്പിച്ച സുവിശേഷസൗഭാഗ്യങ്ങളുടെ വെളിച്ചത്തിലാണ് സഭ ദരിദ്രരുടെ ഇടയിൽ സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിനു പിന്തുണ നൽകുന്നത്. സഭയുടെ സന്ദേശം ഓരോ മനുഷ്യവ്യക്തിക്കും വേണ്ടിയുള്ളതാണ്.എല്ലാവർക്കും വേണ്ടിയുള്ളതാണ്, സഭ ഏതെങ്കിലും ഒരു വർഗ്ഗത്തിന്റേതു് മാത്രമല്ല, എല്ലാവരുടേതുമാണ്. ഓരോ മാനുഷിക യാഥാർത്ഥ്യത്തേയും ഓരോ അനീതിയേയും സംഘർഷത്തേയും സഭ തിരിച്ചറിയുന്നു. സത്യം ഇല്ലാത്തിടത്തു വിമോചനം നടക്കുന്നില്ല. "സത്യം നിങ്ങളെസ്വതന്ത്രരാക്കും"



www.malankaralibrary.com

## സംവാദം അപ്രായോഗികം

ഇപ്പറഞ്ഞ വർഗ്ഗസങ്കല്പത്തിൽ അവർക്കുള്ള കടുംപിടിത്തം മൂലം വിമോചന ദൈവശാസ്ത്രകാരന്മാരുമായി സംവാദം നടത്തുക വളരെ ക്ലേശകരവും മിക്കവാറും അസാദ്ധ്യവുമാണ്. വേറൊരാൾ ഉന്നയിക്കുന്ന വാദമുഖങ്ങൾ സശ്രദ്ധം ശ്രവിച്ച് വസ്തുനിഷ്ഠമായി ചർച്ച ചെയ്യുകയാണല്ലോ സംവാദം. ബോധപൂർവ്വമായ മുൻവിധിയോടെയാണ് അവർ സംവാദത്തിനു വരുക. അവരെ സംബന്ധിച്ചിടത്തോളം മർദ്ദിതവിപ്ലവവർഗ്ഗത്തിന്റെ വീക്ഷണം മാത്രമാണ് സത്യം. തന്നിമിത്തം സത്യത്തെപ്പററിയുള്ള ദൈവശാസ്ത്ര പരിഗണനകൾ വർഗ്ഗസമര സിദ്ധാന്തത്തിനു അധീനമായിത്തീരുന്നു.

## പുതിയ വായന, പുതിയ വ്യാഖ്യാനം

മാർക്സിസ്റ്റ് പ്രത്യയ സംഹിതയുടെ കാഴ്ചപ്പാടിലൂടെ ബൈബിൾ ഭാഗങ്ങൾക്ക് രാഷ്ട്രീയമായ വ്യാഖ്യാനം നൽകുക എന്നത് വിമോചന ദൈവശാസ്ത്രത്തിന്റെ വേറൊരു സവിശേഷതയാണ്. പുറപ്പാടിന്റെ പുസ്തകവും ലൂക്കായുടെ സുവിശേഷത്തിലെ നാലാമദ്ധ്യായവും മററ് പലതും അങ്ങനെ രാഷ്ട്രീയമായ "പുനർ വായന"ക്കു വിഷയമാകുന്നു. വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് രാഷ്ട്രീയമല്ലാതെ മറെറാന്നും അവിടെ ഇല്ലെന്നുവരെ അവർ സ്ഥാപിച്ചുകളയും.

അതോടെ, "ദൈവരാജ്യം" എന്ന സങ്കല്പം സ്ഥലകാലങ്ങളുടെ പരിധികളിലൊതുങ്ങുന്ന ഐഹികപറുദീസയായി മാറുന്നു. സുവിശേഷ സന്ദേശത്തിന്റെ ഏററം മൗലികമായ ഭൗതികവത്ക്കരണമാണത്.

രാഷ്ട്രീയവശത്തിനു ഇത്രയേറെ പ്രാധാന്യം കല്പിക്കുമ്പോൾ ക്രിസ്തുമതത്തിന്റെ നിത്യനൂതനമായ തനിമ നഷ്ടപ്പെടുന്നു. സത്യദൈവവും സത്യമനുഷ്യനുമായ ദിവ്യരക്ഷകൻ മനുഷ്യരാശിക്കു നൽകുന്ന നിത്യരക്ഷയുടെ —പാപത്തിൽനിന്നുള്ള മോചനത്തിന്റെ —അനുപമമായ സ്ഥാനം നിഷേധിക്കപ്പെടുന്നു. വിശ്വാസപ്രമാണത്തിന്റെ വാക്കുകൾ മാററുന്നില്ലെങ്കിലും അവയുടെ അർത്ഥം മുഴുവനും കീഴ്മേൽ മറിച്ചിടുന്നു. പാരമ്പര്യപ്രതിഷ്ഠിതമായ ക്രിസ്തുദർശനം ഉപേക്ഷിച്ച് തൽസ്ഥാനത്ത് വർഗ്ഗസമരസമ്മതനായ യേശുവിനെ അവരോധിക്കുന്നു. സഭയെ ആദ്ധ്യാത്മികയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തുന്ന കൂദാശകൾ അവഗണിക്കപ്പെടുന്നു.



www.malankaralibrary.com

ഐക്യം, അനുരഞ്ജനം, കൂട്ടായ്മ – ഇവയെല്ലാം യേശു തന്റെ ജനത്തിനു സമ്മാനിക്കുന്ന ദിവ്യദാനങ്ങളാണ്. വിമോചനദൈവശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ അവയൊക്കെ ദരിദ്രവർഗ്ഗം സമരങ്ങളുടെ— വിപ്ലവത്തിലൂടെ— നേടിയെടുക്കുന്ന മോചനത്തിന്റെ പരിണതഫലങ്ങളത്രെ. ഇരുദർശനങ്ങളും പരസ്പരവിരുദ്ധങ്ങളാണ്.

## വിശ്വാസദർശനം സാമൂഹ്യനീതിയുടെ അടിത്തറ

ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവപുത്രസ്ഥാനത്തേയ്ക്കു് വിളിക്കപ്പെട്ടവനാണ്. മനുഷ്യനെപ്പറ്റി ക്രിസ്തു നൽകുന്ന പാഠമാണിതു്. യഥാർത്ഥമായ സാമൂഹികനീതി ഈ മൗലികസത്യത്തിൽ അധിഷ്ഠിതമായിരിക്കണം. മനുഷ്യർക്കു് ദൈവവുമായുള്ള ബന്ധം അംഗീകരിക്കപ്പെട്ടെങ്കിലേ, സാമൂഹികനീതിക്കു് അർത്ഥവത്തായ അടിത്തറ ഉണ്ടായിരിക്കയുള്ളു. എന്തെന്നാൽ, വ്യക്തികൾ തമ്മിലുള്ള ബന്ധത്തെയത്രെ നീതി നിയന്ത്രിക്കുന്നതു്. തന്നിമിത്തം നീതിക്കായുള്ള സമരം മനുഷ്യാവകാശങ്ങൾക്കായുള്ള സമരത്തിന്റെ ഭാഗമാണ്.

ദൈവവുമായുള്ള ബന്ധത്തെ പാപം താറുമാറാക്കുന്നു. സാമൂഹിക–രാഷ്ട്രീയസംവിധാനങ്ങളിലെ തിന്മയായി അതിനെ ചിത്രീകരിക്കുന്നതു ശരിയല്ല. സംവിധാനങ്ങളാണ് എല്ലാ കുഴപ്പങ്ങളുടേയും മൂലഹേതു എന്ന മാർക്സിസ്റ്റ് ആശയം സത്യവിരുദ്ധമത്രെ. പാപത്തിന്റെ പരിണതഫലമാണ് നീതിരഹിതമായ സംവിധാനങ്ങൾ. സാമൂഹികമണ്ഡലത്തിലെ അനീതികളുടെ വേരു്, "ദുഷിച്ചു് നാറിയ വ്യവസ്ഥിതി"യിലല്ല, മനുഷ്യവ്യക്തികളുടെ അന്തരംഗത്തിലത്രെ. സഹോദരസ്നേഹവും നീതിബോധവും പുലർത്തി ജീവിക്കാൻ സന്നദ്ധതയുള്ള ആളുകൾക്കേ മനുഷ്യോചിതമായ സംവിധാനങ്ങൾ സൃഷ്ടിക്കാനാവൂ. ജനതാമദ്ധ്യത്തിൽ സ്നേഹവും നീതിബോധവും ധാർമ്മികമനസ്സാക്ഷിയും വളർത്താൻ സഭ എക്കാലവും ശ്രമിച്ചിട്ടുണ്ടു്. അതാണ്, സഭയുടെ സവിശേഷദൗത്യം.

ദരിദ്രരുടേയും മർദ്ദിതരുടേയും മോചനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കുന്നവരുടെ ഹൃദയത്തിലുള്ള ദയാവായ്പ് "ചില ദുഷ്പ്രേരണകൾക്കെതിരെ ജാഗ്രത പുലർത്താതിരുന്നാൽ മനുഷ്യന്റെ അന്തസ്സിനു ഹാനികരമായ മാർഗ്ഗങ്ങളിലേക്കു് വഴുതിവീഴമെന്നു" വത്തിക്കാൻ മുന്നറിയിപ്പു് നല്കുന്നു. ആ മുന്നറിയിപ്പിന്റെ



www.malankaralibrary.com

പിന്നിലുള്ള ഭീതി എത്രയോ വസ്തുനിഷ്ഠമാണെന്നു് സമീപകാല സംഭവങ്ങൾ തെളിയിച്ചിട്ടുണ്ടു്.

വിമോചനദൈവശാസ്ത്രത്തിൻെറ പേരിൽ മാർക്സിസ്റ്റു് ചിന്താരൂപങ്ങൾ സ്വന്തമാക്കിയ വൈദികരിൽ പലരും അതുമൂലം വിശ്വാസത്തിനു സംഭവിക്കാവുന്ന അപകടത്തെപ്പററി വേണ്ടത്ര ബോധവാന്മാരല്ല. ഏതായാലും ക്രൈസ്തവസഭയുടെ അപ്പസ്തോലികവും അഖണ്ഡവുമായ വിശ്വാസപൈതൃകം കലർപ്പില്ലാതെ ലഭിക്കുക എന്നതു് ജനങ്ങളുടെ ആവശ്യമാണു്, അവകാശവുമാണു്. അതു ഉറപ്പു് വരുത്തേണ്ട ചുമതല സഭാ നേതൃത്വത്തിനുണ്ടു്. ആ ചുമതലയുടെ നിർവ്വഹണമെന്നോണം, ദീർഘനാളത്തെ പഠനത്തിനും പരിചിന്തനത്തിനും ശേഷം മാർപാപ്പ പുറപ്പെടുവിച്ചിട്ടുള്ള ഈ പ്രബോധനരേഖയെ, വിശ്വാസത്തിൻെറ വിലയറിയുന്ന എല്ലാവരും സസന്തോഷം സ്വാഗതം ചെയ്യും.

എ. അടപ്പൂർ. എസ്. ജെ.



www.malankaralibrary.com

For Private Circulation

Printed at Viani Printings, Ernakulam Cochin–682018.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com